25
2025
ഒക്ടോബർ
ശനി
തുലാം 8

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No. 268 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-268 പേജ് 4. വില 2.00 രൂപ

02 250 കോടി സഹായം തേടി ആരോഗ്യവകുപ്പ്

03 ഡൽഹിയിൽ ചാവേർ ഭീകരാക്രമണ ശ്രമം തകർത്തു; ഐഎസ് ബന്ധം സംശയം

04 ആനയറ സെന്റ് ജൂഡ്ദേവാലയത്തിൽ വിശുദ്ധ യൂദാ തദേവൂസിന്റെ തിരുനാൾ ആഘോഷം

# പി.എം ശ്രീ വിഷയത്തിൽ പൊട്ടിത്തെറി

തിരുവനന്തപുരം: ദേശീയ വിദ്യാഭ്യാസ നയ(എൻഇപി)ത്തിന്റെ ഭാഗമായുള്ള പിഎംശ്രീ പദ്ധതിയിൽ ഒപ്പുവെച്ച സംസ്ഥാന സർക്കാരിന്റെ തീരുമാനത്തിൽ ഇടത് മുന്നണിയിൽ പൊട്ടിത്തെറി. ആ ഒപ്പിടൽ മുന്നണി മര്യാദയുടെ ലംഘനമാണെന്ന് പറഞ്ഞ് സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം എൽഡിഎഫിൽ നിന്ന് തങ്ങളിത് പ്രതീക്ഷിച്ചതല്ലെന്നും പറഞ്ഞു. സിപിഐ സംസ്ഥാന സെക്രട്ടേറിയറ്റ് യോഗത്തിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു ബിനോയ് വിശ്വം. പാർട്ടിയുടെ മുന്നോട്ടുള്ള നയപരമായ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി 27ന് സംസ്ഥാന എക്സിക്യൂട്ടീവ് വിളിച്ചു ചേർക്കാനും തീരുമാനിച്ചിട്ടുണ്ട്.

'ഇത് ഞങ്ങൾ പ്രതീക്ഷിക്കുന്നില്ല. എൽഡിഎഫ് അങ്ങനെയല്ല ഗൗരവമേറിയ തീരുമാനങ്ങളിൽ നിലപാടെടുക്കൽ. വാക്കിലും പ്രവൃത്തിയിലും മര്യാദയും മാന്യതയും കാണിക്കണം' ബിനോയ് വിശ്വം പറഞ്ഞു.

പിഎം ശ്രീയുമായി ബന്ധപ്പെട്ട് പത്ര വാർത്തകളിലൂടെ അല്ലാതെ അതിന്റെ വിശദാംശങ്ങൾ അറിയിച്ചിട്ടില്ല. കേരളത്തിന് ലഭിച്ച വാഗ്ദാനങ്ങൾ എന്തെല്ലാമാണ് എന്നത് സിപിഐയും മറ്റു ഘടകകക്ഷികളും ഇരുട്ടിലാണ്. അതറിയാൻ ഇടത് മുന്നണിയിലെ എല്ലാ പാർട്ടികൾക്കും അവകാശമുണ്ട്. എൽഡിഎഫിൽ അതൊന്നും ചർച്ച ചെയ്തിട്ടില്ല. ഘടകക്ഷികളെ അറിയിക്കേണ്ട കാര്യങ്ങൾ അറിയിക്കാതെ ഇരുട്ടിലാക്കിയല്ല എൽഡിഎഫ് മുന്നോട്ട് പോകേണ്ടത്. കേവല അധികാരത്തിനുള്ള ഒരു സംവിധാനമായിട്ടാല്ല സിപിഐ എൽഡിഎഫിനെ കാണുന്നത്.

ഇന്നത്തെ ഇന്ത്യൻ രാഷ്ട്രീയത്തിൽ ഇടതുപക്ഷ ബദൽ കാഴ്ചപ്പാട് ഉയർത്താനുള്ള ദൗത്യമാണത്. ഇത്രയേറെ ഗൗരവമേറിയ കാര്യത്തിൽ കേരളത്തിലെ എൽഡിഎഫ് സർക്കാർ ഒപ്പിടുമ്പോൾ ഘടകകക്ഷികളെ അറിയിക്കാത്തതിന്റെ യുക്തി സിപിഐക്ക് മനസ്സിലാകുന്നില്ല. മന്ത്രിസഭയ്ക്കകത്തും ഈ കരാറിനെ സംബന്ധിച്ച് ചർച്ച നടന്നില്ല. രണ്ട് തവണ വിഷയം മന്ത്രിസഭയിൽ ചർച്ചയായിട്ടുണ്ട്. നയപരമായ തീരുമാനങ്ങൾക്കായി അന്ന് ഇത് മാറ്റി വെക്കുകയാണ് ഉണ്ടായത്.

എവിടേയും ചർച്ച ചെയ്യാതെ ആരോടും ആലോചിക്കാതെ ഘടകകക്ഷികളെ വിശ്വാസത്തിലെടുക്കാതെ ഇടത് സർക്കാരിന് എങ്ങനെ മുന്നോട്ട് പോകാൻ കഴിയുമെന്നറിയില്ല. ഇതല്ല എൽഡിഎഫിന്റെ ശൈലി. വാക്കിലും പ്രവൃത്തിയിലും മര്യാദയും മാന്യതയും കാണിക്കണം. മാന്യതയും മര്യാദയും ഉൾക്കൊള്ളുന്ന പക്ഷമാണ് ഇടതുപക്ഷമെന്നും ബിനോയ് വിശ്വം പറഞ്ഞു.

## ശബരിമലയിലെ സ്വർണം ഉണ്ണികൃഷ്ണൻ പോറ്റി ബെല്ലാരിയിൽ വിറ്റു

പത്തനംതിട്ട: ശബരിമലയിലെ സ്വർണം ഒന്നാം പ്രതി ഉണ്ണികൃഷ്ണൻ പോറ്റി വിറ്റതായി പ്രത്യേക അന്വേഷണസംഘത്തിൻറെ കണ്ടെത്തൽ. ചെന്നൈയിൽ വേർതിരിച്ചെടുത്ത 476 ഗ്രാം സ്വർണം കർണാടകയിലെ ബെല്ലാരിയിലെ സ്വർണ വ്യാപാരി ഗോവർധന് വിറ്റതായാണ് കണ്ടെത്തൽ.

അന്വേഷണസംഘം ഗോവർധനെ ചോദ്യം ചെയ്തു. ചെന്നൈയിലെ സ്മാർട്ട് ക്രിയേഷൻസിൽ വച്ച് പാളികളിൽനിന്ന് വേർതിരിച്ച സ്വർണം ഉണ്ണികൃഷ്ണൻ പോറ്റി വിറ്റുവെന്നാണ് ഗോവർധനൻറെ മൊഴി. ഇതിൻറെ അടിസ്ഥാനത്തിൽ തൊണ്ടിമുതൽ കണ്ടെത്തുന്നതിനു വേണ്ടിയാണ് ഉണ്ണികൃഷ്ണൻ പോറ്റിയെയും കൊണ്ട് പ്രത്യേക അന്വേഷണ സംഘം ഇന്ന് ബംഗളൂരുവിലേക്കു പോയിരിക്കുന്നത്.

ഉണ്ണികൃഷ്ണൻ പോറ്റിയെ ബെല്ലാരിയിൽ എത്തിച്ച് തെളിവെടുപ്പ് നടത്തും. ഗോവർധന് വിറ്റ സ്വർണം വീണ്ടെടുക്കാനുള്ള ശ്രമം എസ്ഐടി സംഘം നടത്തും.

ബെല്ലാരിയിലെ റോദ്ദം ജ്വല്ലറി ഉടമയാണ് ഗോവർധൻ.

ശ്രീറാംപുരം അയ്യപ്പ സ്വാമി ക്ഷേത്രത്തിൽ വെച്ചാണ് ഗോവർധൻ ഉണ്ണികൃഷ്ണൻ പോറ്റിയുമായി പരിചയപ്പെടുന്നത്. ഇയാളുമായി ഉണ്ണികൃഷ്ണൻ പോറ്റിക്ക് മറ്റ് സാമ്പത്തിക ഇടപാടുകൾ ഉണ്ടെന്നും എസ്ഐടി കണ്ടെത്തി. ഇക്കാര്യവും ഗോവർധൻ സ്ഥിരീകരിച്ചു. ഇത് സംബന്ധിച്ച വിവരങ്ങളെല്ലാം ഗോവർധൻ അന്വേഷണസംഘത്തിന് കൈമാറി.

## ഹൈദരാബാദിൽ ബസിന് തീപിടിച്ച് നിരവധി പേർ മരിച്ചു, 12 പേരെ രക്ഷപ്പെടുത്തി

ബംഗളുരു: ഹൈദരാബാദിലെ കർണൂലിൽ ബസിന് തീപിടിച്ച് വൻ ദുരന്തം. നിരവധി പേർ മരിച്ചു. തീ പടർന്നതോടെ 12 പേർ ജനാലകൾ തകർത്ത് ചാടി രക്ഷപ്പെട്ടു. ബംഗളുരു ഹൈദരാബാദ് ദേശീയപാതയിൽ കർണൂൽ നഗരത്തിൽനിന്ന് 20 കിലോമീറ്റർ അകലെ ഉള്ളിന്ദകൊണ്ട ക്രോസിന് സമീപം ഇന്ന് പുലർച്ചെ 3.30ഓടെയാണ് അപകടമുണ്ടായത്.

ഹൈദരാബാദിൽനിന്ന് ബംഗളുരുവിലേക്ക് വന്ന കാവേരി ട്രാവൽസ് എന്ന വോൾവോ ബസാണ് അപകടത്തിൽപ്പെട്ടത്. തീപിടിച്ച് മിനിട്ടുകൾക്കകം ബസ് പൂർണമായും കത്തിനശിച്ചു. എൻജിൻറെ ഭാഗത്തു നിന്നാണ് തീ പടർന്നതെങ്കിലും കാരണം വ്യക്തമല്ല.

40 ഓളം യാത്രക്കാർ ബസിലുണ്ടായിരുന്നതായാണ് വിവരം. പ്രദേശവാസികളും വഴിയാത്രക്കാരും തീയണയ്ക്കാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല. അഗ്നിരക്ഷാ സേനാംഗങ്ങൾ സ്ഥലത്തെത്തിയപ്പോഴേക്കും ബസ് പൂർണമായും കത്തിനശിച്ചു. പരിക്കേറ്റവരെ കർണൂലിലെ താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

## ആനക്കൊമ്പ് കേസ്: ഉടമസ്ഥാവകാശം റദ്ദാക്കി ഹൈക്കോടതി

കൊച്ചി: ആനക്കൊമ്പ് കേസിൽ നടൻ മോഹൻലാലിനും സംസ്ഥാന സർക്കാരിനും തിരിച്ചടി. ആനക്കൊമ്പ് കൈവശം വെച്ച നടപടി നിയമവിധേയമാക്കിയ സർക്കാർ ഉത്തരവ് ഹൈക്കോടതി റദ്ദാക്കി.

ആനക്കൊമ്പ് നിയമവിധേയമാക്കിയ നടപടികളിൽ വീഴ്ചയുണ്ടായി എന്നു ചൂണ്ടിക്കാട്ടിയ കോടതി ഇക്കാര്യത്തിൽ പുതിയ വിജ്ഞാപനം ഇറക്കാനും സർക്കാരിന് നിർദേശം നൽകി.

മോഹൻലാലിൻറെ വീട്ടിൽ നിന്നും പിടിച്ചെടുത്ത ആനക്കൊമ്പിൻറെ ഉടമസ്ഥാവകാശം നൽകിയ ഉത്തരവാണ് ഹൈക്കോടതി റദ്ദാക്കിയത്.

2015ലെ സർക്കാർ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ചില്ല എന്നതാണ് പിഴവെന്ന് കോടതി ചൂണ്ടിക്കാട്ടി. സാങ്കേതികമായ നടപടി ക്രമങ്ങളിലുണ്ടായ വീഴ്ചയുടെ പശ്ചാത്തലത്തിലാണ് ആനക്കൊമ്പ് കൈവശം വെക്കാനുള്ള ലൈസൻസ് ഹൈക്കോടതി റദ്ദാക്കിയിരിക്കുന്നത്.

വിജ്ഞാപനം ചെയ്യാതെ ഉത്തരവ് മാത്രമായി ഇറക്കിയാൽ നിയമപരമായി നിലനിൽക്കില്ലെന്ന് കോടതി വ്യക്തമാക്കി. കേസിൽ മോഹൻലാലിൻറെ അപ്പീൽ ഹൈക്കോടതിയിൽ നിലനിൽക്കുന്നതിനാൽ കേസിൻറെ മെറിറ്റിലേക്ക് കോടതി കടന്നില്ല.

2011 ആഗസ്റ്റിൽ എറണാകുളം തേവരയിലെ മോഹൻലാലിൻറെ വീട്ടിൽ റെയ്ഡിനെത്തിയ ആദായ നികുതി വകുപ്പ് സംഘമാണ് വീട്ടിൽ നിന്ന് ആനക്കൊമ്പുകൾ കണ്ടെത്തിയത്. ഇവ പിടിച്ചെടുക്കുന്ന സമയത്ത് മോഹൻലാലിന് ഇത് കൈവശം വെക്കാനുള്ള ലൈസൻസ് ഉണ്ടായിരുന്നില്ല.

പിന്നീട് സർക്കാർ മോഹൻലാലിൻറെ അപേക്ഷ പരിഗണിച്ച് പ്രത്യേക ഉത്തരവിലൂടെ ആനക്കൊമ്പിൻറെ ഉടമസ്ഥാവകാശം താരത്തിന് പതിച്ചുനൽകുകയും കേസ് പിൻവലിക്കുകയും ചെയ്തിരുന്നു. നേരത്തെ ഉത്തരവ് റദ്ദാക്കിയ പെരുമ്പാവൂർ മജിസ്ട്രേറ്റ് കോടതി, മോഹൻലാൽ വിചാരണ നേരിടണമെന്ന് വ്യക്തമാക്കിയിരുന്നു. ഇതിനെതിരായ അപ്പീലിലാണ് ജസ്റ്റീസ് എ.കെ. ജയശങ്കരൻ നമ്പ്യാർ അധ്യക്ഷനായ ഡിവിഷൻ ബെഞ്ചിൻറെ ഉത്തരവ്.

എന്നാൽ, 2015 ൽ കൈവശ സർട്ടിഫിക്കറ്റ് നൽകുമ്പോൾ ഗസറ്റിൽ ഇതുമായി ബന്ധപ്പെട്ട വിജ്ഞാപനം പുറപ്പെടുവിച്ചില്ല എന്നാണ് സർക്കാരിൻെറ പിഴവായി ഇപ്പോൾ കോടതി കണ്ടെത്തിയിരിക്കുന്നത്.

## രാജ്യാന്തര സമുദ്ര ഗവേഷണ സിമ്പോസിയത്തിൽ വ്യവസായ സംഗമം

കൊച്ചി: നവംബർ നാല് മുതൽ ആറ് വരെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടക്കുന്ന നാലാമത് രാജ്യാന്തര സമുദ്ര ആവാസവ്യവസ്ഥ സിമ്പോസിയത്തിൽ (മീകോസ് 4) വ്യവസായ സംഗമം സംഘടിപ്പിക്കും.

ഫിഷറീസ്, മത്സ്യകൃഷി, സമുദ്രോൽപന്ന രംഗത്തെ പ്രധാന പ്രശ്നങ്ങൾ ചർച്ച ചെയ്യും. സീഫുഡ് കയറ്റുമതി, മത്സ്യകൃഷി, ഹാച്ചറി, മത്സ്യതീറ്റ നിർമാണം, അലങ്കാരമത്സ്യ വിപണനം തുടങ്ങിയ മേഖലകളിലെ പ്രതിനിധികൾ വ്യവസായ സംഗമത്തിൽ പങ്കെടുക്കും. നവംബർ അഞ്ചിന് രാവിലെ 10നാണ് സംഗമം.

സമുദ്രോൽപന്ന കയറ്റുമതി, സമുദ്രകൃഷി മേഖലകളെ ആശ്രയിക്കുന്ന കർഷകർ, വ്യാപാരികൾ, സംരംഭകർ തുടങ്ങിയവർ അനുഭവങ്ങൾ പങ്കുവെക്കും. സമുദ്രോൽപന്ന മേഖലയുടെ വികസനം ലക്ഷ്യമിട്ട് വിദഗ്ധരുടെ മേൽനോട്ടത്തിൽ വികസനരൂപ രേഖ തയ്യാറാക്കും.മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ (എംബിഎഐ), സിഎംഎഫ്ആർഐയുമായി സഹകരിച്ചാണ് സിമ്പോസിയം സംഘടിപ്പിക്കുന്നത്. കാലാവസ്ഥാ വ്യതിയാനം, ഉയരുന്ന സമുദ്രതാപനില എന്നിവ സമുദ്ര ആവാസവ്യവസ്ഥയിൽ വരുത്തുന്ന മാറ്റങ്ങളുമായി ബന്ധപ്പെട്ട ചർച്ചകൾക്ക് സിമ്പോസിയം ഊന്നൽ നൽകും.മത്സ്യകൃഷി, ഹാച്ചറി ഉൽപാദനം, സംസ്കരണം, മൂല്യവർധിത ഉൽപാദനം, ഫീഡ് മാനേജ്മെന്റ് മേഖലകളിലെ പുത്തൻ സാങ്കേതികവിദ്യകളുടെ പ്രദർശനവും സിമ്പോസിയത്തിന്റെ ഭാഗമായി നടക്കും.

വ്യവസായ സംഗമത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ഒക്ടോബർ 30ന് മുമ്പായി രജിസ്റ്റർ ചെയ്യണം. കൂടുതലൽ വിവരങ്ങൾക്ക് ഡോ ജോ കിഴക്കൂടൻ– 9445153671.

## തേരോട്ടം തുടർന്ന് തിരുവനന്തപുരം; ആയിരം പോയിന്റ് കഴിഞ്ഞു, രണ്ടാം സ്ഥാനക്കാർ അടുത്തുപോലുമില്ല

തിരുവനന്തപുരം: സംസ്ഥാന സ്കൂൾ ഒളിമ്പിക്സിൽ ആതിഥേയരായ തിരുവനന്തപുരം തേരോട്ടം തുടരുന്നു. 115 സ്വർണം ഉൾപ്പെടെ 1015 പോയിന്റുമായി ഒന്നാമത് തുടരുകയാണ്. നീന്തൽക്കുളത്തിൽനിന്ന് മാത്രം 38 സ്വർണം ഉൾപ്പെടെ 336 പോയിന്റാണ് തലസ്ഥാന നഗരം നേടിയത്. രണ്ടാം സ്ഥാനക്കാരായ തൃശൂരിന് 479 പോയിന്റു മാത്രമാണുള്ളത്. 443 പോയിന്റുമായി കണ്ണൂർ ജില്ല മൂന്നാമതുണ്ട്.എറണാകുളം 424, കോഴിക്കോട് 415, പാലക്കാട് 410, മലപ്പുറം 358, കൊല്ലം 226, കാസർകോട് 196, ആലപ്പുഴ 96, വയനാട് 77, കോട്ടയം 74, ഇടുക്കി 64, പത്തനംതിട്ട 22 എന്നിങ്ങനെയാണ് ഇതുവരെയുള്ള ജില്ലകളുടെ പോയിന്റ് നില.അത്ലറ്റിക്സിൽ 96 ഇനങ്ങളിൽ 12 എണ്ണം പൂർത്തിയായപ്പോൾ അഞ്ച് സ്വർണമുൾപ്പെടെ 39 പോയിന്റുമായി പാലക്കാടാണ് മുന്നിൽ.





## പി.ജി. മെഡിക്കൽ പ്രവേശനം: അപേക്ഷയിലെ ന്യൂനത പരിഹരിക്കണം

2025–26 അധ്യയന വർഷത്തെ പി.ജി. മെഡിക്കൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് ഓൺലൈനായി സമർപ്പിച്ച അപേക്ഷകളിലും അനുബന്ധമായി അപ്‌ലോഡ് ചെയ്ത രേഖകളിലും ന്യൂനതകൾ ഉള്ളവരുടെ ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഒക്ടോബർ 27ന് മുൻപായി ആവശ്യമായ രേഖകൾ അപ്‌ലോഡ് ചെയ്ത് അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കാം. അപാകതകൾ പരിഹരിക്കുന്നതിന് പിന്നീട് അവസരം നൽകുന്നതല്ല. നിശ്ചിത സമയത്തിനകം സാധുവായ രേഖകൾ അപ്‌ലോഡ് ചെയ്ത് നേറ്റിവിറ്റിയിലെ അപാകത പരിഹരിക്കാത്തവരെ, അവർ സാമുദായിക, പ്രത്യേക സംവരണം തെളിയിക്കുന്നതിനുള്ള രേഖകൾ സമർപ്പിച്ചിട്ടുണ്ടെങ്കിലും, സാമുദായിക, പ്രത്യേക സംവരണത്തിന് പരിഗണിക്കില്ല. വിശദവിവരങ്ങൾക്ക് മേൽ വെബ്സൈറ്റ് സന്ദർശിക്കുക.

## ലീഗൽ സർവ്വീസസ് അതോറിറ്റിയിൽ ഡെപ്യൂട്ടേഷൻ ഒഴിവ്

കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ആസ്ഥാനത്ത് ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ വിവിധ വകുപ്പുകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി നവംബർ 17. വിശദവിവരങ്ങൾക്ക്: www.kelsa.keralacourts.in .

## മാസവാടകയ്ക്ക് വാഹനങ്ങൾ ആവശ്യമുണ്ട്

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പദ്ധതിയായ ആയുർ സാന്ത്വനം പദ്ധതിയിലെ 5 യൂണിറ്റുകളിലേയ്ക്ക് (വർക്കല, നെയ്യാറ്റിൻകര, നെടുമങ്ങാട്, പാറശ്ശാല, പുളിമാത്ത്) 2025–26 സാമ്പത്തിക വർഷത്തിലേയ്ക്ക് ഡ്രൈവർ ഉൾപ്പെടെ 5 പേർക്ക് സഞ്ചരിക്കാവുന്ന 5 വാഹനങ്ങൾ മാസവാടകയ്ക്ക് ആവശ്യമുണ്ട്.

മാസത്തിൽ 20 ദിവസം രാവിലെ 9 മുതൽ വൈകുന്നേരം 3 വരെ ഡ്രൈവർ ഉൾപ്പെടെ വാഹനം ലഭ്യമാക്കണം. ഇന്ധന ചിലവ് ഉൾപ്പെടെയുള്ള പ്രതിമാസ തുകയും കിലോമീറ്റർ നിരക്കും ഉൾപ്പെടുത്തിയ മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു. വാഹനം 10 വർഷത്തിൽ താഴെ പഴക്കമുള്ളതും പ്രവർത്തനക്ഷമതയുള്ളതുമായിരിക്കണം. ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 27 വൈകുന്നേരം 5 വരെ. ക്വട്ടേഷനുകൾ സമർപ്പിക്കേണ്ട വിലാസം: ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ മെഡിക്കൽ ഓഫീസ്, ഭാരതീയ ചികിത്സാ വകുപ്പ്, ആരോഗ്യഭവൻ, തിരുവനന്തപുരം–1. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി നേരിട്ടോ 0471–2320988 ലോ ബന്ധപ്പെടണം.

## വാക്ക് ഇൻ ഇന്റർവ്യൂ

കേരള മഹിള സമഖ്യ സൊസൈറ്റി, കിർത്താട്സിന്റെ സഹായത്തോടെ വയനാട് ജില്ലയിലെ ഗോത്രവർഗ്ഗ ഉന്നതികളിൽ നടപ്പിലാക്കുന്ന പ്രത്യേക പദ്ധതിയിലേക്ക് വനിതാ കോഡിനേറ്ററുടെ ഒരു ഒഴിവിലേക്ക് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. എം.എസ്.ഡബ്ല്യൂ (കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ്) ആണ് യോഗ്യത. അപേക്ഷകർക്ക് 25 വയസ്സ് പൂർത്തിയായിരിക്കണം.

നിർദ്ദിഷ്ട യോഗ്യതയുള്ള സ്ത്രീ ഉദ്യോഗാർത്ഥികൾ വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, പ്രായം, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റും, സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം ഒക്ടോബർ 31ന് രാവിലെ 11ന് കേരള മഹിള സമഖ്യ സൊസൈറ്റി കരമന കുഞ്ചാലുംമുട് പ്രവർത്തിക്കുന്ന സംസ്ഥാന ഓഫീസിൽ വച്ച് നടക്കുന്ന ഇന്റർവ്യൂവിന് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, കേരള മഹിള സമഖ്യ സൊസൈറ്റി, റ്റി.സി. 20/1652, കല്പന, കുഞ്ചാലുംമൂട്, കരമന പി.ഒ, തിരുവനന്തപുരം, ഫോൺ: 0471 2348666, വെബ്സൈറ്റ്: www.keralasamakhya.org.

## ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമനം

പട്ടികജാതി വികസന വകുപ്പിന്റെ അധീനതയിലുള്ള ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എറണാകുളം ജില്ലകളിൽ പ്രവർത്തിച്ചുവരുന്ന ഐ.ടി.ഐ കളിലേയ്ക്ക് നിശ്ചിത സമയത്തേയ്ക്ക് 'എംപ്ലോയബിലിറ്റി സ്കിൽസ്' വിഷയം പഠിപ്പിക്കുന്നതിന് ബി ബി എ/ എം ബി എ/ഏതെങ്കിലും വിഷയത്തിലുള്ള ഡിഗ്രി, ഇംഗ്ലീഷിൽ മികച്ച ആശയവിനിമയത്തിനുള്ള കഴിവും, പ്ലസ് ടു / ഡിപ്ലോമ തലത്തിലുള്ള അടിസ്ഥാന കമ്പ്യൂട്ടർ പരിജ്ഞാന യോഗ്യതയുമുള്ള ഉദ്യോഗാർത്ഥികളെ ഗസ്റ്റ് ഇൻസ്ട്രക്ടറായി തെരഞ്ഞെടുക്കുന്നതിനുള്ള കൂടിക്കാഴ്ച 28ന് രാവിലെ 11ന് തിരുവനന്തപുരം വെള്ളയമ്പലം അയ്യൻകാളി ഭവനിൽ പ്രവർത്തിക്കുന്ന ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ ഓഫീസിൽ വച്ച് നടത്തുന്നു.

ഉദ്യോഗാർത്ഥികൾ ബയോഡാറ്റ, സർട്ടിഫിക്കറ്റിന്റെ ഒറിജിനലും പകർപ്പും സഹിതം നേരിട്ട് ഹാജരായി പേര് രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക്: 0471–2316680.

## കെൽട്രോണിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ

കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിന്റെ കേരള സർക്കാർ അംഗീകൃതവും നോർക്കറൂട്ട്സ് അറ്റസ്റ്റേഷൻ യോഗ്യവുമായ പ്രൊഫഷണൽ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, ഡാറ്റാ സയൻസ് ആൻഡ് എ.ഐ, മൊബൈൽ ഫോൺ ടെക്നോളജി, ഹാർഡ്‌വെയർ ആൻഡ് നെറ്റ്‌വർക്ക് മെയിന്റനൻസ് എന്നിവയിലേക്കുള്ള അഡ്മിഷനുകൾ ആരംഭിച്ചു. അപേക്ഷ ഫോം തിരുവനന്തപുരം സ്പെൻസർ ജംഗ്ഷനിലുള്ള കെൽട്രോൺ നോളജ് സെന്ററിൽ ലഭ്യമാണ്. ഫോൺ: 0471 2337450, 8590605271.




സംസ്ഥാന സഹകരണ യൂണിയന്റെ തിരുവനന്തപുരം ഊറ്റുകുഴിയിലുള്ള നവീകരിച്ച ആസ്ഥാന മന്ദിരം ആന്റണി രാജു എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു.

# സഹകരണ യൂണിയന്റെ നവീകരിച്ച ആസ്ഥാന മന്ദിരം ഉദ്ഘാടനം ചെയ്തു

സംസ്ഥാന സഹകരണ യൂണിയന്റെ തിരുവനന്തപുരം ഊറ്റുകുഴിയിലുള്ള നവീകരിച്ച ആസ്ഥാന മന്ദിരത്തിന്റെ ഉദ്ഘാടനം എംഎൽഎ ആന്റണി രാജു നിർവഹിച്ചു.

സംസ്ഥാന സഹകരണ യൂണിയൻ ഹെഡ് ഓഫീസ് ഓഡിറ്റോറിയത്തിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ സംസ്ഥാന സഹകരണ യൂണിയൻ ചെയർപേഴ്സൺ കോലിയക്കോട് എൻ. കൃഷ്ണൻ നായർ അദ്ധ്യക്ഷനായി. വി.കെ. പ്രശാന്ത് എം എൽ എ, സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഡോ. വീണ എൻ. മാധവൻ, സഹകരണ സംഘം രജിസ്ട്രാർ ഡോ. ഡി. സജിത്ബാബു, ഓഡിറ്റ് ഡയറക്ടർ എം.എസ്. ഷെറിൻ എന്നിവർ മുഖ്യാതിഥികളായിരുന്നു. സംസ്ഥാന സഹകരണ യൂണിയൻ അഡീഷണൽ രജിസ്ട്രാർ–സെക്രട്ടറി എം.പി. രജിത്കുമാർ, ജനറൽ മാനേജർ റ്റി. അയ്യപ്പൻ നായർ, സംസ്ഥാന സഹകരണ യൂണിയൻ ഭരണ സമിതി അംഗങ്ങൾ, സഹകാരികൾ, സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

മൂന്നുകോടി മുപ്പതുലക്ഷത്തിലധികം രൂപ ചെലവിട്ടാണ് നവീകരണം നടത്തിയത്. 2003 ൽ നിർമ്മിച്ച മന്ദിരത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് നിർമ്മിതി കേന്ദ്രയാണ് നേതൃത്വം നൽകിയത്. സഹകരണ യൂണിയന്റെ കീഴിലുള്ള പരിശീലന കേന്ദ്രങ്ങളുടേയും കോളേജുകളുടേയും ആസ്ഥാന മന്ദിരമാണിത്.

## പി.ജി. ഹോമിയോ പ്രവേശനം: കേന്ദ്രീകൃത അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

കേരളത്തിലെ സർക്കാർ ഹോമിയോ കോളേജുകളിലെ പി.ജി.ഹോമിയോ കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനുള്ള രണ്ടാംഘട്ട അലോട്ട്മെന്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ംംം.രലല.സലൃമഹമ.ഴീ.ശി ൽ പ്രസിദ്ധീകരിച്ചു. താത്ക്കാലിക അലോട്ട്മെന്റ് സംബന്ധിച്ച് ലഭിച്ച പരാതികൾ പരിശോധിച്ചശേഷമാണ് അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചത്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ ഒക്ടോബർ 29 വൈകിട്ട് 3നകം അലോട്ട്മെന്റ് ലഭിച്ച ഹോമിയോ കോളേജുകളിൽ ഹാജരായി പ്രവേശനം നേടണം. വിശദ വിവരങ്ങൾക്ക്: www.cee.kerala.gov.in, 04712332120 04712338487 04712525300.

## പി.ജി. ആയുർവേദം: കേന്ദ്രീകൃത അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

പി.ജി. ആയുർവേദ കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനുള്ള രണ്ടാംഘട്ട അലോട്ട്മെന്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ംംം.രലല.സലൃമഹമ.ഴീ.ശി ൽ പ്രസിദ്ധീകരിച്ചു. താത്ക്കാലിക അലോട്ട്മെന്റ് സംബന്ധിച്ച് ലഭിച്ച പരാതികൾ പരിശോധിച്ചശേഷമാണ് അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ ഒക്ടോബർ 29 വൈകിട്ട് 3 നകം അലോട്ട്മെന്റ് ലഭിച്ച ആയുർവേദ കോളേജുകളിൽ ഹാജരായി പ്രവേശനം നേടണം. വിശദ വിവരങ്ങൾക്ക് : www.cee.kerala.gov.in, 0471-2332120 | 0471-2338487 | 0471-2525300.

# അദ്ധ്യാപക പാനലിലേക്ക് അപേക്ഷിക്കാം

സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പും സാക്ഷരതാമിഷനും സംയുക്തമായി നടപ്പാക്കുന്ന പത്താംതരം തുല്യതാ കോഴ്സിന്റെ അദ്ധ്യാപക പാനലിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. കോട്ടപ്പുറം, കമലേശ്വരം, സത്രം ഫോർട്ട്, മെഡിക്കൽ കോളേജ് സമ്പർക്ക പഠനകേന്ദ്രങ്ങളിൽ ഞായറാഴ്ചകളിലും പൊതുഅവധി ദിനങ്ങളിലുമാണ് ക്ലാസുകൾ, മലയാളം, ഹിന്ദി, ഇംഗ്ലീഷ്, ഭൗതികശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം, സാമൂഹിക ശാസ്ത്രം, ഗണിതശാസ്ത്രം, വിവരവിനിമയ സാങ്കേതിക വിദ്യ വിഷയങ്ങൾക്കാണ് അദ്ധ്യാപകരെ നിയമിക്കുന്നത്. അതാത് വിഷയത്തിൽ ബിരുദം, ബി.എഡ്. യോഗ്യത ഉദ്യോഗാർത്ഥികൾ ബയോഡാറ്റ, സർട്ടിഫിക്കറ്റ് പകർപ്പ് സഹിതം തിരുവനന്തപുരം നഗരസഭയിൽ പ്രവർത്തിക്കുന്ന അക്ഷരശ്രീ പ്രൊജക്റ്റ് ഓഫീസിൽ 30 നകം അപേക്ഷ നൽകണം. ഫോൺ: 8075047569.

# ആറ് ലക്ഷം വാങ്ങിയതിന് 40 ലക്ഷം തിരികെ നൽകി; കൊള്ളപ്പലിശക്കാരുടെ ഭീഷണിയെ തുടർന്ന് വ്യാപാരി ജീവനൊടുക്കി

തൃശൂർ: കൊള്ളപ്പലിശക്കാരുടെ ഭീഷണിയെ തുടർന്ന് ഗുരുവായൂരിൽ വ്യാപാരി ജീവനൊടുക്കി. മുസ്തഫ എന്നയാളെയാണ് മരിച്ച നിലയിൽ കണ്ടെത്തിയത്. പ്രഹ്ളേഷ്, വിവേക് എന്ന രണ്ട് പലിശക്കാർക്കെതിരെയാണ് കുടുംബത്തിന്റെ ആരോപണം. ആറ് ലക്ഷം രൂപ കടം വാങ്ങിയതിന് 40 ലക്ഷത്തോളം രൂപ മുസ്തഫയിൽ നിന്ന് കൊള്ളപ്പലിശക്കാർ വാങ്ങിയെടുത്തെന്നാണ് ആക്ഷേപം. മുസ്തഫയുടെ സ്ഥലവും ഭീഷണിപ്പെടുത്തി എഴുതി വാങ്ങി. 20 ലക്ഷം രൂപയുടെ സ്ഥലം എഴുതി വാങ്ങി അഞ്ച് ലക്ഷം രൂപയുടെ മതിപ്പുകാട്ടുകയായിരുന്നു. പോലീസിൽ പരാതി നൽകിയിട്ടും കൊള്ള പലിശക്കാർക്ക് എതിരെ നടപടിയെടുത്തില്ലെന്ന് കുടുംബം ആരോപിച്ചു. അതേസമയം, പലിശക്കാരിൽ നിന്ന് കടുത്ത നേരിട്ടിരുന്നതായി മുസ്തഫയുടെ ബന്ധുക്കൾ പറഞ്ഞു. കച്ചവട സ്ഥാപനത്തിൽ കയറി പലിശക്കാർ പണം പലവട്ടം എടുത്തുകൊണ്ടു പോയി. പലിശ തുക കുറഞ്ഞതിന് ഭാര്യക്കും മകനും മുന്നിലിട്ട് മർദിച്ചു. വാടക വീട്ടിലെത്തിയും നിരന്തരം ഭീഷണിപ്പെടുത്തിയിരുന്നതായി മുസ്തഫയുടെ മക്കളായ ഷിയാസും ഹക്കീമും പറഞ്ഞു.

ഒരു ദിവസം 8000 രൂപ പലിശ മാത്രം കൊടുക്കണം. അതിൽ 6000 രൂപ കൊടുത്തു, 2000 രൂപ കുറഞ്ഞ് പോയെന്ന് പറഞ്ഞ് ഭാര്യയുടെയും മകന്റെയും മുന്നിലിട്ട് ചേട്ടനെ അസഭ്യം പറഞ്ഞു. ആശുപത്രിയിൽ കിടക്കുമ്പോൾ പോലും ഭീഷണിപ്പെടുത്തി മർദിച്ചു സഹോദരൻ ഹക്കിം പറഞ്ഞു.

# കുടിശിക; ഹൃദയ ശസ്ത്രക്രിയ ഉപകരണങ്ങൾ തിരിച്ചെടുക്കുന്നതിൽനിന്ന് പിന്നോട്ടില്ല, 250 കോടി സഹായം തേടി ആരോഗ്യവകുപ്പ്

തിരുവനന്തപുരം: സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളജുകളിൽ വിതരണം ചെയ്ത ഹൃദയ ശസ്ത്രക്രിയ ഉപകരണങ്ങൾ തിരിച്ചെടുക്കുന്നതിൽ നിന്ന് പിന്നോട്ടില്ലെന്ന് വിതരണക്കാർ. നിയമവഴികൾ അടക്കം പരിശോധിക്കാൻ വിതരണക്കാരുടെ യോഗം തീരുമാനിച്ചു. ഇന്നലെ കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ നിന്ന് ഉപകരണങ്ങൾ തിരിച്ചെടുത്തിരുന്നു. കുടിശിക തീർക്കുന്നതിൽ ഒരു തരത്തിലുമുള്ള ഉറപ്പുകളും ലഭിച്ചില്ലെന്നാണ് വിതരണക്കാർ പറയുന്നത്. കോട്ടയം മെഡിക്കൽ കോളജ്, തിരുവനന്തപുരം മെഡിക്കൽ കോളജ് എന്നിവിടങ്ങളിലെ കുടിശിക തീർക്കാൻ കൂടുതൽ സമയം തേടിയിരുന്നു.

സ്റ്റോക്ക് തിരിച്ചെടുക്കാൻ കോഴിക്കോട് മെഡിക്കൽ കോളജ് അനുവദിച്ചിരുന്നില്ല. കുടിശികക ഉടൻ തീർക്കാമെന്ന് കോഴിക്കോട് മെഡിക്കൽ കോളജും ചർച്ചയിൽ അറിയിച്ചിരുന്നു. ഇതിന് പിന്നാലെ ഇന്നലെ വൈകുന്നരം ചേർന്ന യോഗത്തിലാണ് സ്റ്റോക്ക് തിരിച്ചെടുക്കാനുള്ള വഴികൾ തേടാൻ വിതരണക്കാരുടെ സംഘടന തീരുമാനിച്ചത്.

159 കോടി രൂപയാണ് ഹൃദയ ശസ്ത്രക്രിയ വിതരണക്കാർക്ക് മാത്രം ആരോഗ്യവകുപ്പ് കുടിശികയായി നൽകാനുണ്ടായിരുന്നത്. ഇതിൽ 30 കോടി മാത്രമാണ് സർക്കാർ നൽകാൻ തയാറായത്. ഇതാണ് ഗുരുതര സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തിച്ചത്.

അതേസമയം കുടിശിക തീർക്കാൻ ആരോഗ്യവകുപ്പ് 250 കോടി രൂപ ധനവകുപ്പിനോട് അടിയന്തര സഹായം തേടിയിട്ടുണ്ട്. ഇതിൽ 100 കോടി രൂപയെങ്കിലും കിട്ടിയാൽ മാത്രമേ പ്രതിസന്ധിക്ക് താത്കാലികമായെങ്കിലും പരിഹാരമാവു.

## വനിതാ പോലീസ് ഉദ്യോഗസ്ഥയെ അസഭ്യം പറഞ്ഞു; യുവാവ് പിടിയിൽ

കൊല്ലം: വനിതാ പോലീസ് ഉദ്യോഗസ്ഥയെ ഫോണിലൂടെ അസഭ്യം പറഞ്ഞയാൾ പിടിയിൽ. കൊല്ലം കുലശേഖരപുരം സ്വദേശി ബിനു കുമാറാണ് കരുനാഗപ്പള്ളി പോലീസിന്റെ പിടിയിലായത്. കഴിഞ്ഞ ദിവസമാണ് സംഭവം. ബിനുകുമാറിന്റെ ഭാര്യ വാദിയായ ഒരു കേസിൽ കോടതി പ്രതിക്ക് ജാമ്യം അനുവദിച്ചിരുന്നു. ഇതിന്റെ വൈരാഗ്യത്തിലാണ് പോലീസ് ഉദ്യോഗസ്ഥയെ ഇയാൾ തുടർച്ചയായി ഫോണിൽ വിളിച്ച് അസഭ്യം പറഞ്ഞത്.

സഹികെട്ടതോടെയാണ് പോലീസുകാരി പരാതി നൽകിയത്. അന്വേഷണത്തിനൊടുവിൽ ബിനുകുമാറിനെ കസ്റ്റഡിയിലെടുക്കുകയായിരുന്നു. തന്റെ ഭാര്യ വാദിയായ കേസിൽ എന്തുകൊണ്ടാണ് കോടതി ജാമ്യം നൽകിയത് എന്നാണ് ഇയാളുടെ ചോദ്യം. അതുകൊണ്ടാണ് അസഭ്യം പറഞ്ഞതെന്നും ഇയാൾ പറഞ്ഞു.

## സുരേഷ് ഗോപി എംപിയുടെ വാഹനം തടഞ്ഞു; ഇടപെട്ട് ബിജെപി പ്രവർത്തകർ

കോട്ടയം: കലുങ്ക് സംവാദം കഴിഞ്ഞ് മടങ്ങിയ സുരേഷ് ഗോപി എംപിയുടെ വാഹനം തടഞ്ഞു. കോട്ടയം പള്ളിക്കത്തോട് ആണ് സംഭവം. നിവേദനം നൽകാനെത്തിയ ആളാണ് വാഹനം തടഞ്ഞത്. നിവേദനം സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് കാറിന് ചുറ്റും നടന്ന ഇയാളെ ബിജെപി പ്രവർത്തകർ പിടിച്ചു മാറ്റുകയായിരുന്നു. പള്ളിക്കത്തോട്ടിൽ കലുങ്ക് സംവാദം ഒരു മണിക്കൂർ നടന്നിരുന്നു. എന്നാൽ അപ്പോഴൊന്നും ഇയാൾ നിവേദനം നൽകിയില്ല. അപകടം ഒഴിവാക്കാനാണ് പിടിച്ചുമാറ്റിയതെന്നും നിവേദനം സുരേഷ് ഗോപി വാങ്ങിയിട്ടുണ്ടെന്നും ബിജെപി അറിയിച്ചു.

## കാഞ്ഞിരപ്പുഴയിൽ വീട്ടുമുറ്റത്തുനിന്ന് വളർത്തുനായയെ കടിച്ചെടുത്ത് പുലി

പാലക്കാട്: കാഞ്ഞിരപ്പുഴയിൽ വീട്ടുമുറ്റത്തുനിന്ന വളർത്തുനായയ്ക്കു നേരെ പുലിയുടെ ആക്രമണം. വാക്കോടൻ അംബികയുടെ വീട്ടുമുറ്റത്തുണ്ടായിരുന്ന വളർത്തുനായയെയാണ് പുലർച്ചെ പുലി പിടികൂടിയത്. വളർത്തുനായയെ കാണാതായതിനു പിന്നാലെ സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചപ്പോഴാണ് പുലിയെത്തിയ കാര്യം അറിഞ്ഞത്. സംഭവസമയം വീട്ടുമുറ്റത്ത് മൂന്നു നായക്കുട്ടികളാണ് ഉണ്ടായിരുന്നത്. ഇരുട്ടിൽ പതുങ്ങിയെത്തിയ പുലി നായക്ക് നേരെ ചാടിവീണ ശേഷം കടിച്ചെടുത്ത് ഇരുട്ടിലേക്ക് മറഞ്ഞുപോകുന്ന ദൃശ്യങ്ങളാണ് സിസിടിവിയിൽ പതിഞ്ഞിരിക്കുന്നത്. പ്രദേശത്ത് പുലിയെത്തിയെന്ന വാർത്തയ്ക്കു പിന്നാലെ കാഞ്ഞിരപ്പുഴയിലെ നാട്ടുകാർ കടുത്ത ഭീതിയിലാണ്. വനം വകുപ്പ് ഉടൻതന്നെ ഇടപെട്ട് പുലിയെ പിടികൂടാൻ നടപടി സ്വീകരിക്കണമെന്നും സുരക്ഷ ഉറപ്പാക്കണമെന്നും നാട്ടുകാർ ആവശ്യപ്പെട്ടു.

## ഡോക്ടർമാർക്കുള്ള സംസ്ഥാന സർക്കാർ അവാർഡിന് അപേക്ഷിക്കാം

ഡോക്ടർമാർക്കുള്ള സംസ്ഥാന സർക്കാരിന്റെ 2024 ലെ അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു. ആരോഗ്യവകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ഇൻഷുറൻസ് മെഡിക്കൽ സർവീസ്, സഹകരണ സ്വതന്ത്ര സ്ഥാപനങ്ങൾ, സ്വകാര്യ മേഖല, ഡെന്റൽ സ്പെഷ്യാലിറ്റി എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് വെവ്വേറെ അവാർഡുകൾ വിതരണം ചെയ്യും. അവാർഡ് തുകയായ 15,000 രൂപയും മെറിറ്റ് സർട്ടിഫിക്കറ്റും വിതരണം ചെയ്യും.

ആരോഗ്യകുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അധ്യക്ഷനും ആരോഗ്യവകുപ്പ് ഡയറക്ടർ കൺവീനറും ആയിട്ടുള്ള വിദഗ്ധ കമ്മിറ്റി ആയിരിക്കും അവാർഡുകൾ നിശ്ചയിക്കുന്നത്. രോഗികൾ/രോഗികളുടെ സംഘടന, ആശുപത്രി വികസന സൊസൈറ്റി, ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി, പൊതുജനത്തിലെ ഏതെങ്കിലും അംഗം എന്നിവർക്കോ സ്വന്തമായോ മികച്ച ഡോക്ടർമാരുടെ പേരുകൾ നിർദ്ദേശിക്കാം. കുറഞ്ഞത് പത്ത് വർഷത്തെ സേവനം പൂർത്തിയാക്കിയവർ മാത്രമേ അപേക്ഷിക്കാനാകൂ. അപേക്ഷയുടെയും മറ്റ് അനുബന്ധരേഖകളുടെയും അഞ്ചു കോപ്പികൾ വീതം സമർപ്പിക്കണം. തെറ്റായ വിവരങ്ങൾ സമർപ്പിക്കുന്നവരുടെ അപേക്ഷകൾ കമ്മിറ്റി നിരസിക്കും. മാർഗ്ഗരേഖയും വിശദവിവരങ്ങളും എല്ലാ ജില്ലാ മെഡിക്കൽ ഓഫീസുകളിലും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലും കൂടാതെ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന്റെ വെബ്സൈറ്റിലും ലഭ്യമാണ്. നവംബർ 10 വൈകിട്ട് 5 മണിക്ക് മുൻപായി അപേക്ഷകൾ ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ ലഭ്യമാക്കണം.

## ഫിനാൻസ് ഓഫീസർ നിയമനം

കേരള സ്റ്റേറ്റ് വുമൺ ഡെവലപ്മെന്റ് കോർപറേഷനിൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ താത്കാലിക അടിസ്ഥാനത്തിൽ ഓപ്പൺ വിഭാഗത്തിനായി സംവരണം ചെയ്തിരിക്കുന്ന ഒരു ഒഴിവ് നിലവിലുണ്ട്. ബിരുദവും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ട്സ് ഓഫ് ഇന്ത്യ അല്ലെങ്കിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ട്സ് ഇൻ ഇന്ത്യയിൽ അംഗത്വവും കുറഞ്ഞത് 10 വർഷത്തെ പ്രവൃത്തി പരിചയവുമാണ് യോഗ്യത. എം.ബി.എ. ഉള്ളവർക്ക് മുൻഗണന. പ്രായ പരിധി 01.01.2025 ന് 41 വയസ് കവിയാൻ പാടില്ല (നിയമാനുസൃത വയസിളവ് ബാധകം). 1,20,000– 1,50,000 ആണ് ശമ്പള സ്കെയിൽ. ഉദ്യോഗാർഥികൾ പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഒക്ടോബർ 30 നകം ബന്ധപ്പെട്ട പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നേരിട്ട് ഹാജരായി യോഗ്യതകൾ ഉൾപ്പെടുത്തണം. നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നവർ ബന്ധപ്പെട്ട സ്ഥാപനമേധാവിയിൽ നിന്നുള്ള എൻ.ഒ.സി. ഹാജരാക്കണം.

## ക്ലാസുകൾ 30 ന് തുടങ്ങും

ഹോമിയോപ്പതി വകുപ്പിന് കീഴിലുള്ള ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ 2025–26 യു.ജി ബി.എച്ച്.എം.എസ് ഒന്നാം വർഷ ക്ലാസുകൾ ഒക്ടോബർ 30 രാവിലെ 10 ന് ആരംഭിക്കുമെന്ന് പ്രിൻസിപ്പൽ ആൻഡ് കൺട്രോളിംഗ് ഓഫീസർ അറിയിച്ചു.

# മാസ്റ്റർ ഓഫ് പബ്ലിക് ഹെൽത്ത് പ്രവേശനം: നവംബർ 19 വരെ അപേക്ഷിക്കാം

കേരള സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ്സ് പ്രകാരം 2025 അദ്ധ്യയന വർഷത്തെ മാസ്റ്റർ ഓഫ് പബ്ലിക് ഹെൽത്ത് കോഴ്സിന് അപേക്ഷിക്കാം. അപേക്ഷാഫീസ് പൊതുവിഭാഗത്തിനു 1800/രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 900/രൂപയുമാണ്. അപേക്ഷകർക്ക് നവംബർ 19 വരെ ഓൺലൈൻ വഴിയോ വെബ്സൈറ്റ് വഴി ഡൗൺലോഡ് ചെയ്ത ചെല്ലാൻ ഉപയോഗിച്ച് ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ശാഖ വഴിയോ അപേക്ഷാഫീസ് അടയ്ക്കാം. വ്യക്തിഗത അക്കാദമിക വിവരങ്ങൾ ഓൺലൈൻ ആയി ००० .ഹയരെലദ്യേല.സലൃ മഹ മ.ഴീ.ശി ൽ രജിസ്റ്റർ ചെയ്യാം. യോഗ്യത സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആപ്ലിക്കേഷൻ സമർപ്പിക്കുന്ന അവസരത്തിൽ അപ്‌ലോഡ് ചെയ്യാം.

അപേക്ഷകർ കേരളത്തിലെ ആരോഗ്യ സർവ്വകലാശാല അംഗീകരിച്ച എം.ബി.ബി.എസ്/ ബി.ഡി.എസ്/ ബി.എ.എം.എസ്/ബി.എച്ച്.എം.എസ്/ബി.യു.എം.എസ്/ബി.എസ്.എം.എസ് റഗുലർ ഡിഗ്രി കോഴ്സ് 50 ശതമാനം മാർക്ക് നേടി പാസ്സായിരിക്കണം. അതത് സ്റ്റേറ്റ് കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം. അല്ലെങ്കിൽ ആരോഗ്യ സർവ്വകലാശാല അംഗീകരിച്ച റഗുലർ ബി.എസ്.സി നഴ്സിംഗ്/ബി.ഫാം/ബി.എസ്.സി അലൈഡ് മെഡിക്കൽ കോഴ്സുകൾ 50 ശതമാനം മാർക്ക് നേടി പാസ്സായിരിക്കണം. അതത് സ്റ്റേറ്റ് കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം. അല്ലെങ്കിൽ കേരള വെറ്റിനറി & ആനിമൽ സയൻസ്സ് യൂണിവേഴ്സിറ്റിയിൽ നിന്നോ അംഗീകരിക്കപ്പെട്ട മറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നോ 50 ശതമാനം മാർക്കോടെയുള്ള റഗുലർ ബി.എസ്.സി വെറ്റിനറി ബിരുദം. അല്ലെങ്കിൽ ഡിഗ്രി തലത്തിലോ പോസ്റ്റ് ഗ്രാഡുവേറ്റ് ഡിഗ്രി തലത്തിലോ പബ്ലിക് ഹെൽത്ത് ഒരു വിഷയമായി പഠിച്ച് കേരള ആരോഗ്യസർവ്വകലാശാലയിൽ നിന്നും 50 ശതമാനം മാർക്ക് നേടി പാസ്സായവർക്കും അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 04712560361, 362, 363, 364

# ഡൽഹിയിൽ ചാവേർ ഭീകരാക്രമണ ശ്രമം തകർത്തു; ഐഎസ് ബന്ധം സംശയം

ന്യൂഡൽഹി: രാജ്യതലസ്ഥാനത്ത് ഭീകരാക്രമണത്തിന് പദ്ധതിയിട്ട രണ്ടുപേർ പിടിയിൽ. ഐഎസിൻറെ പിന്തുണയുള്ള ഭീകരരെന്ന് സംശയിക്കുന്ന രണ്ടുപേരെയാണ് ഡൽഹി പോലീസിൻറെ പ്രത്യേക സംഘം പിടികൂടിയത്. ഡൽഹിയിലെ തിരക്കേറിയ സ്ഥലങ്ങളിലും രാജ്യത്തിൻറെ മറ്റു ഭാഗങ്ങളിലും ചാവേർ ആക്രമണം നടത്താൻ ഇവർ പദ്ധതി ഇട്ടിരുന്നതായാണ് പോലീസ് പറയുന്നത്.ഡൽഹി, മധ്യപ്രദേശ് സ്വദേശികളായ ഇരുവരുടെയും പേര് അദ്നാൻ എന്നാണ്. മധ്യപ്രദേശിലെ ഭോപ്പാലിൽ നിന്നും ദക്ഷിണ ഡൽഹിയിലെ സാദിഖ് നഗറിൽ നിന്നുമായാണ് ഇവരെ പിടികൂടിയത്. ഇവരിൽ നിന്ന് നിരവധി ആയുധങ്ങളും കണ്ടെടുത്തു. ചാവേറുകളാകാനുള്ള പരിശീലനം ഇവർക്ക് ലഭിച്ചിരുന്നതായിട്ടാണ് സൂചന.

സംഘത്തിലെ മറ്റ് അംഗങ്ങളെ കണ്ടെത്തുന്നതിനും ഇവരുടെ പ്രവർത്തനങ്ങൾ മനസിലാക്കുന്നതിനുമായി ഇൻറലിജൻസ്, സുരക്ഷാ ഏജൻസികൾ ഇവരെ ചോദ്യം ചെയ്തുവരികയാണ്.കഴിഞ്ഞ മാസം, സമാനമായ രീതിയിൽ ഭീകരബന്ധമുണ്ടെന്ന് കരുതുന്ന അഞ്ചുപേരെ ഡൽഹി, ജാർഖണ്ഡ്, മധ്യപ്രദേശ്, തെലുങ്കാന എന്നീ സംസ്ഥാനങ്ങളിൽ നിന്ന് ഡൽഹി പോലീസിൻറെ പ്രത്യേക സംഘം അറസ്റ്റ് ചെയ്തിരുന്നു.

## തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിന് ദേശീയ അംഗീകാരം

ആയുഷ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്ന ചഇകടങ, ങഅഞആകടങ ഏർപ്പെടുത്തിയ ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ എഡ്യൂക്കേഷൻ ആന്റ് ട്രെയിനിങ്ങിന്റെ അക്രഡിറ്റേഷനിൽ രാജ്യത്തെ സർക്കാർ ആയുർവേദ കോളേജുകളിൽ ഒന്നാം സ്ഥാനവും എ ഗ്രേഡും തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജ് കരസ്ഥമാക്കി. ആയുഷ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിരിക്കുന്ന അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, അക്കാദമിക് മികവ്, പഠന-ഗവേഷണ മേഖലയിലെ മികച്ച പ്രവർത്തനം, ചികിത്സാ സംവിധാനങ്ങളുടെ കാര്യക്ഷമത, അധ്യാപക-വിദ്യാർഥി മികവ് എന്നിവ പരിശോധിച്ചാണ് ദേശീയ അംഗീകാരം നൽകുന്നത്. കേരള ആരോഗ്യ സർവകലാശാലയുടെ കീഴിൽ സർക്കാർ-എയ്ഡഡ്-സ്വകാര്യ മേഖലകളിൽ പ്രവർത്തിച്ചുവരുന്ന 17 ആയുർവേദ കോളേജിൽ രണ്ടാം സ്ഥാനവും ദേശീയതലത്തിൽ 19-ാം സ്ഥാനവുമാണ് തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജ് കരസ്ഥമാക്കിയത്.

## ഗസ്റ്റ് ലക്ചറർ ഒഴിവ്

തിരുവനന്തപുരം ഗവ. കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ കോമേഴ്സ് വിഷയത്തിൽ ഗസ്റ്റ് ലക്ചറർ ഒഴിവിലേക്ക് ഒക്ടോബർ 29 രാവിലെ 11ന് അഭിമുഖം നടക്കും. കൊമേഴ്സിൽ 55 ശതമാനം മാർക്കോടെ ബിരുദാനന്തര ബിരുദം, എം.എഡ്, നെറ്റ്/ പി.എച്ച്.ഡി യോഗ്യതയുള്ള ഉദ്യോഗാർഥികൾ പ്രായം, യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകളും പകർപ്പുകളുമായി കോളേജിൽ നേരിട്ട് ഹാജരാകണം. പി.എച്ച്.ഡി, എം.ഫിൽ യോഗ്യതയുള്ളവർക്ക് മുൻഗണന. ഉദ്യോഗാർഥികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിൽ രജിസ്റ്റർ ചെയ്തവരായിരിക്കണം. ഫോൺ: 9847245617.

## സ്കോളർഷിപ്പിന് 31 വരെ അപേക്ഷിക്കാം

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്ത അംഗങ്ങളായ തിരുവനന്തപുരം ജില്ലയിലെ തൊഴിലാളികളുടെ മക്കൾക്ക് 2025-2026 അധ്യയന വർഷത്തെ പഠന മികവിനുള്ള സ്കോളർഷിപ്പിന് ഒക്ടോബർ 31 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരം ജില്ലാ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0471 2448451.

# മീഡിയ അക്കാദമിയിൽ സ്പോട്ട് അഡ്മിഷൻ

കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷനിലെ ഫോട്ടോജേണലിസം ഡിപ്ലോമ കോഴ്സിന്റെ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു.

നവംബർ ആദ്യവാരം ആരംഭിക്കുന്ന കോഴ്സിന് 25,000 രൂപയാണ് ഫീസ്. തിയറിയും പ്രാക്ടിക്കലും ഉൾപ്പെടെ മൂന്നുമാസമാണ് കോഴ്സിന്റെ കാലാവധി. ശനി, ഞായർ ദിവസങ്ങളിലാണ് ക്ലാസുകൾ. പ്രായപരിധി ഇല്ല. പ്ലസ് ടു വിദ്യാഭ്യാസയോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം.

താത്പര്യമുള്ളവർ യോഗ്യത സർട്ടിഫിക്കറ്റുകൾ (ടടഘഇ, +2), ആധാർ കാർഡ് എന്നിവയുടെ ഒറിജിനലും പകർപ്പും പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം ഒക്ടോബർ 31ന് മുൻപായി കൊച്ചി കാക്കനാടുള്ള അക്കാദമി സെന്ററിൽ നേരിട്ട് വന്ന് അഡ്മിഷൻ നേടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 8281360360, 0484-2422275. വെബ്സൈറ്റ്: www.kma.ac.in.

## വനിതകൾക്ക് സൗജന്യ കൗൺസിലിംഗ്

കേരള വനിതാ കമ്മീഷന്റെ എറണാകുളം, കോഴിക്കോട് റീജിയണൽ ഓഫീസുകളിൽ എല്ലാ മാസവും ആദ്യ മൂന്ന് ആഴ്ചകളിലെ തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ സൗജന്യ കൗൺസിലിംഗ് ലഭ്യമാണെന്ന് ചെയർപേഴ്സൺ അഡ്വ. പി സതീദേവി അറിയിച്ചു. കൗൺസിലിംഗ് ആവശ്യമുള്ളവർ കോഴിക്കോട് സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന റീജിയണൽ ഓഫീസുമായോ, എറണാകുളം നോർത്തിലെ കോർപറേഷൻ കെട്ടിടത്തിന്റെ ഒന്നാം നിലയിൽ പ്രവർത്തിക്കുന്ന റീജിയണൽ ഓഫീസുമായോ ബന്ധപ്പെടേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് കോഴിക്കോട്: 0495 2377590, എറണാകുളം: 0484 2926019.

## പി.ജി.നഴ്സിംഗ് കോഴ്സ് പ്രവേശനം മോപ്-അപ് അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

പി.ജി.നഴ്സിംഗ് കോഴ്സിലേയ്ക്കുള്ള മോപ്-അപ് അലോട്ട്മെന്റ് www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയും പ്രോസ്പെക്ടസ് ക്ലോസ് 12 (C) പ്രകാരമുള്ള രേഖകളുമായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഒക്ടോബർ 27 വൈകിട്ട് 3 മണിക്കുള്ളിൽ പ്രവേശനം നേടണം. അലോട്ട്മെന്റ് സംബന്ധിച്ച വിശദവിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in സന്ദർശിക്കുക. ഫോൺ: 0471-2332120 04712338487

## എം.ബി.ബി.എസ്./ ബി.ഡി.എസ്. പ്രവേശനം: ഷെഡ്യൂൾ പുന:ക്രമീകരിച്ചു

മെഡിക്കൽ കൗൺസിലിംഗ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം എം.ബി.ബി.എസ്./ ബി.ഡി.എസ്. കോഴ്സുകളിലേയ്ക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റ് ഷെഡ്യൂൾ പുന:ക്രമീകരിച്ചു. ഇതനുസരിച്ച് അപേക്ഷകർക്ക് ഒക്ടോബർ 28 രാത്രി 11.59 വരെ ഓപ്ഷൻ രജിസ്ട്രേഷൻ/ഡിലീഷൻ/ പുന:ക്രമീകരണം എന്നിവയ്ക്കുള്ള സൗകര്യം വെബ്സൈറ്റിൽ ലഭ്യമാകും. വിശദവിവരങ്ങൾക്ക്: www.cee.kerala.gov.in, 0471 - 2332120, 2338487.

## ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ് ഡിപ്ലോമ

കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിൽ കേരള സർക്കാർ അംഗീകൃതവും നോർക്ക റൂട്ട്സ് അറ്റസ്റ്റേഷന് യോഗ്യവുമായ പ്രൊഫഷണൽ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു.

ആധുനിക കാലഘട്ടത്തിലെ തൊഴിൽ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി രൂപകല്പന ചെയ്തിരിക്കുന്ന ഒരു വർഷം ദൈർഘ്യമുള്ള കോഴ്സിന് പ്ലസ്ടു ആണ് അടിസ്ഥാന യോഗ്യത. കൂടുതൽ വിവരങ്ങൾക്കും അപേക്ഷാ ഫോമിനുമായി കെൽട്രോൺ നോളജ് സെന്റർ, ഗവ. ആയുർവേദ കോളേജിന് എതിർവശം, രാം സമ്രാട്ട് ബിൽഡിംഗ്, ധർമ്മാലയം റോഡ്, തിരുവനന്തപുരം 1 വിലാസത്തിൽ ബന്ധപ്പെടുക. ഫോൺ: 0471-4062500, 8078097943.

# 2 പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൂടി ക്ലാസിഫിക്കേഷൻ

പൊതുമേഖലാ സ്ഥാപനങ്ങളുടെ പൊതുവായ ശമ്പള പരിഷ്കരണത്തുനുള്ള മാനദണ്ഡമായ സ്ഥാപനങ്ങളുടെ ക്ലാസിഫിക്കേഷൻ നിർണയിക്കുന്നതിന്റെ ഭാഗമായി രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളുടെ ക്ലാസിഫിക്കേഷൻ കൂടി പൂർത്തിയായി.

കേരള സ്റ്റേറ്റ് പവർ ആൻഡ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിനും റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിനുമാണ് സ്കോറിന്റെ അടിസ്ഥാനത്തിൻ ക്ലാസിഫിക്കേഷൻ നടത്തി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് ഉത്തരവിറക്കിയത്. ധനകാര്യ സേവന വിഭാഗത്തിലുള്ള കേരള സ്റ്റേറ്റ് പവർ ആൻഡ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് ഡി പട്ടികയിലും വെങ്കല ബ്രാൻഡിലും സേവനങ്ങൾ/ വ്യാപാരം/കൺസൾട്ടൻസി വിഭാഗത്തിലുള്ള റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് സി പട്ടികയിലും വെള്ളി ബ്രാൻഡിലുമാണ് ഉൾപ്പെടുന്നത്. നിലവിൽ 47 പൊതുമേഖലാ സ്ഥാപനങ്ങളുടെ ക്ലാസിഫിക്കേഷൻ പൂർത്തിയായി.

## 'കിക്മ സഹകരണ ക്വിസ് മത്സരം'

അഖിലേന്ത്യാ സഹകരണ വാരാഘോഷത്തോടനുബന്ധിച്ച് സംസ്ഥാന സഹകരണ യൂണിയന്റെ നെയ്യാർഡാമിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റും (കിക്മ), കേരള ബാങ്ക്, മിൽമ തുടങ്ങിയ സ്ഥാപനങ്ങളുമായി ചേർന്ന് സംസ്ഥാനത്തെ വിവിധ കോളേജുകളിലെ ബിരുദ വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു.

രണ്ട് സോണുകളിലായി നടത്തുന്ന ഈ ക്വിസ് മൽസരത്തിൽ തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിലെ കോളേജുകളെ നോർത്ത് സോണായി ഉൾപ്പെടുത്തി ഫൈനൽ റൗണ്ട് വാരാഘോഷത്തിന്റെ ഉദ്ഘാടന ജില്ലയായ തൃശ്ശൂരിലും, തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള കോളേജുകളെ സൗത്ത് സോണായി ഉൾപ്പെടുത്തി സമാപന ജില്ലയായ ആലപ്പുഴയിൽ വച്ചുമാണ് ഫൈനൽ റൗണ്ടുകൾ സംഘടിപ്പിക്കുന്നത്.

ആദ്യ റൗണ്ട് ഓൺലൈനായി പങ്കെടുക്കാം. രജിസ്ട്രേഷൻ ഫീസ് ഇല്ല. വിജയികൾക്ക് 50,000/ രൂപ മൂല്യമുള്ള സമ്മാന തുകയും ട്രോഫിയും പ്രശംസ പത്രവും ലഭിക്കും. രജിസ്ട്രേഷന്റെ അവസാന തീയതി നവംബർ 3 ആണ്. രജിസ്ട്രേഷൻ ലിങ്ക് https://forms.gle/JzbK8TP2zqFNtimC9, കൂടുതൽ വിവരങ്ങൾക്ക്: 7907375755/7994745316.

## കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ സിറ്റിംഗ്

കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ ഒക്ടോബർ 29 രാവിലെ 11 ന് തിരുവനന്തപുരം വെള്ളയമ്പലം അയ്യൻകാളി ഭവനിലുള്ള കമ്മീഷന്റെ കോർട്ട് ഹാളിൽ സിറ്റിംഗ് നടത്തും. പ്രസ്തുത സിറ്റിംഗിൽ ലത്തീൻ കത്തോലിക് വിഭാഗത്തിലെ നാടാർ ജാതി സംവരണം വ്യക്തത വരുത്തുന്നത് സംബന്ധിച്ച് സർക്കാർ ആവശ്യപ്പെട്ട ഉപദേശം സംബന്ധിച്ച വിഷയം, കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിലേയ്ക്കുള്ള എം.ബി.ബി.എസ് പ്രവേശനം സംബന്ധിച്ച് ഉണ്ണികൃഷ്ണണൻ എം. സമർപ്പിച്ച പരാതി, കള്ളർ, പിറൻ, മലൈ കള്ളൻ ജാതികളെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം, നായിഡു സമുദായത്തെ എസ്.ഇ.ബി.സി. വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ അഖില കേരള നായിഡു സമുദായ സഭ സമർപ്പിച്ച നിവേദനം എന്നിവ പരിഗണിക്കുന്നതായിരിക്കും. സിറ്റിംഗിൽ കമ്മീഷൻ ചെയർമാൻ ജസ്റ്റിസ്. ജി. ശശിധരൻ, ഡോ. ബെന്നറ്റ് സൈലം, സുബൈദാ ഇസ്ഹാക്ക്, കമ്മീഷൻ മെമ്പർ സെക്രട്ടറി എന്നിവർ പങ്കെടുക്കും.

## സെക്യൂരിറ്റി ഗാർഡ് ഒഴിവ്

തിരുവനന്തപുരം സർക്കാർ നിയമ കലാലയത്തിൽ സെക്യൂരിറ്റി ഗാർഡിന്റെ നിയമനത്തിനായി ഒക്ടോബർ 31 രാവിലെ 10.30ന് കലാലയ ഓഫീസിൽ അഭിമുഖം നടക്കും. പ്രായപരിധി 30-55 വയസ്സ്. വിരമിച്ച പട്ടാളക്കാർക്ക് മുൻഗണന. താൽപ്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകണം. ഫോൺ: 0471 2304228.

## ജില്ലാ ആശുപത്രിയിൽ സ്റ്റാഫ് നഴ്സ്

പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ ദിവസവേതനാടിസ്ഥാനത്തിൽ താത്ക്കാലികമായി സ്റ്റാഫ് നഴ്സ് തസ്തികയിലേക്ക് നിയമനത്തിന് അഭിമുഖം നടത്തും. പ്ലസ്ടു, ഗവ. അംഗീകൃത ജി.എൻ.എം കോഴ്സ്/ ബി.എസ്.സി. നഴ്സിംഗ്, നഴ്സിംഗ് കൗൺസിൽ അംഗീകാരവുമാണ് യോഗ്യത. പ്രവർത്തി പരിചയം അഭികാമ്യം.

താത്പര്യമുള്ള ഉദ്യോഗാർഥികൾ വയസ്സ്, യോഗ്യത എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകളും പകർപ്പുകളും ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡുകളും സഹിതം പെരിന്തൽമണ്ണ ജില്ലാ ആശുപത്രി ഓഫീസിൽ ഒക്ടോബർ 28ന് രാവിലെ 11ന് ഹാജരാകണം.

## ബൈക്ക് മോഷണം പരാജയപ്പെട്ടു; ഒടുവിൽ പെട്രോൾ ഊറ്റി കടന്നു, സിസിടിവി സഹായത്തോടെ പ്രതികളെ പിടികൂടി

കുടശനാട്: ബൈക്കിലെ പെട്രോൾ ഊറ്റിയെടുത്ത മോഷ്ടാക്കളെ സിസിടിവി ദൃശ്യങ്ങളുടെ സഹായത്തോടെ പിടികൂടി. ബൈക്ക് മോഷണത്തിനെത്തിയ ഇവർ കവർച്ചാശ്രമം പരാജയപ്പെട്ടതോടെ പെട്രോൾ ഊറ്റിയെടുത്ത് കടന്നുകളയുകയായിരുന്നു. കുടശനാട് പ്രശാന്ത് ഭവനം വീട്ടിലാണ് മോഷണം നടന്നത്.

പത്തനംതിട്ട ഇലവുംതിട്ട സ്വദേശികളായ എബൻ ഡാനിയേൽ, ജസ്റ്റിൻ ഡാനിയേൽ എന്നിവരെയാണ് പിടികൂടിയത്. ഇരുവരും സഹോദരങ്ങളാണ്. സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ച പോലീസ് സ്ഥിരം കുറ്റവാളികളായ മോഷ്ടാക്കളെ തിരിച്ചറിയുകയായിരുന്നു.

മോഷണശ്രമം സിസിടിവിയിൽ കണ്ട വീട്ടുകാർ ഇറങ്ങി വന്നതോടെ മോഷ്ടാക്കൾ ഓടി രക്ഷപ്പെടുകയായിരുന്നു. പന്തളം ഭാഗത്തുനിന്നു മോഷ്ടിച്ച വാഹനത്തിൽ എത്തി ഹരിപ്പാട് മോഷണം നടത്തി. ശേഷം നൂറനാട്ട് എത്തി മോഷണം നടത്തുകയായിരുന്നു ഇവർ. പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

## പണത്തിനായി ഭാര്യാമാതാവിനെ ആക്രമിച്ചു; തമിഴ്നാട് പോലീസ് ഉദ്യോഗസ്ഥൻ അറസ്റ്റിൽ

തിരുവനന്തപുരം: ഭാര്യാമാതാവിനെ ആക്രമിക്കുകയും വസ്ത്രം വലിച്ചുകീറുകയും ചെയ്ത കേസിൽ തമിഴ്നാട് പോലീസ് ഉദ്യോഗസ്ഥൻ അറസ്റ്റിൽ. തിരുനെൽവേലി ജില്ലയിലെ പണകുടി പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥനായ അശോക് (35) ആണ് അറസ്റ്റിലായത്.

വെള്ളറട പോലീസ് സ്റ്റേഷൻ പരിധിയിലെ ആറുവയൽ കൃപാഭവനിൽ താമസിക്കുന്ന അശോക് സ്ത്രീധനം ആവശ്യപ്പെട്ടാണ് ഭാര്യാമാതാവായ ശാന്തകുമാരിയെ (42) മർദിച്ചത്. ആക്രമണത്തിൽ ശാന്തകുമാരിക്ക് കൈവിരലിലും നെഞ്ചിലും പരിക്കേറ്റു.

ഒളിവിൽ പോയ ഉദ്യോഗസ്ഥനെ സാഹസികമായാണ് പിടികൂടിയത്. വെള്ളറട പോലീസ് അശോകിനെ പിടികൂടാൻ തമിഴ്നാട്ടിലെത്തിയപ്പോൾ അശോക് മറ്റ് ചിലരുമായി ചേർന്ന് പോലീസിനുനേരെ തിരിയുകയും അറസ്റ്റ് ചെറുക്കാൻ ശ്രമിക്കുകയും ചെയ്തു. ഒടുവിൽ തമിഴ്നാട് പോലീസിന്റെ സഹായത്തോടെയാണ് പ്രതിയെ കീഴ്പ്പെടുത്തിയത്. പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

# വിജയ്ക്ക് ഇനി റോഡ് ഷോ വേണ്ട: പ്രചാരണത്തിന് ഹെലികോപ്റ്റർ വാങ്ങാൻ ടിവികെ



ചെന്നൈ: കരൂർ ദുരന്തത്തിന് ശേഷം പ്രചാരണപരിപാടികളിൽ മാറ്റം വരുത്താനൊരുങ്ങി ടിവികെ. ജനങ്ങളെ നേരിട്ട് കണ്ട് നടത്തുന്ന റോഡ് ഷോകൾ ഒഴിവാക്കി പ്രചാരണ പരിപാടിക്ക് ഹെലികോപ്റ്റർ വാങ്ങുമെന്നാണ് വിവരം.

റോഡ് ഷോകൾ ഗതാഗത തടസ്സമുണ്ടാക്കുന്നതും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടാകുന്നതും ഒഴിവാക്കാനാണ് ഹെലികോപ്റ്റർ ഉപയോഗിക്കുന്നത് എന്നാണ് പാർട്ടി നൽകുന്ന ഔദ്യോഗിക വിശദീകരണം.

പാർട്ടി രൂപീകരിച്ച് അധികം വൈകാതെ ഹെലികോപ്റ്റർ വാങ്ങാനുള്ള തീരുമാനം ടിവികെയുടെ സാമ്പത്തിക സ്രോതസ്സിനെക്കുറിച്ചും, സാധാരണ ജനങ്ങളോടുള്ള പ്രതിബദ്ധതയെക്കുറിച്ചും വലിയ വിമർശനങ്ങൾക്കാണ് വഴി തെളിച്ചിരിക്കുന്നത്.ഹെലികോപ്റ്റർ ഉപയോഗിച്ചുള്ള പ്രചാരണം തെരഞ്ഞെടുപ്പിലെ ചെലവിനെ സംബന്ധിച്ചും വിമശനങ്ങൾക്ക് പാത്രമാകുന്നുണ്ട്. മുൻ മുഖ്യമന്ത്രി ജയലളിത മുൻപ് ഹെലികോപ്റ്ററിൽ പര്യടനം നടത്തിയിരുന്നു. പരിപാടി നിശ്ചയിച്ചാൽ അതിനു 15 മിനുട്ട് മുൻപ് മാത്രമേ വിജയ് എത്തുകയുള്ളൂ എന്നാണ് തീരുമാനം.

കരൂരിലെ പരിപാടിക്ക് ആറോളം മണിക്കൂർ വൈകിയാണ് വിജയ് എത്തിയത്. പാർട്ടിയുടെ പ്രചാരണ പരിപാടിക്ക് ഇത്രയധികം ജനങ്ങളെ ഉപയോഗിച്ചതാണ് അപകടത്തിലേക്ക് നയിച്ചതെന്ന ആരോപണം ശക്തമായി നിലനിൽക്കുന്നുണ്ട്.

അതേസമയം, സംഭവം നടന്ന ഇത്രയധികം ദിവസങ്ങൾ പിന്നിട്ടിട്ടും വിജയ് കരൂരിലെത്തുകയോ മരിച്ചവരുടെ കുടുംബങ്ങളെ സന്ദർശിക്കുകയോ ചെയ്തില്ല എന്നും ആക്ഷേപമുണ്ട്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ജർമ്മൻ പ്രതിനിധി സംഘവുമായി തൊഴിൽ, ധനകാര്യ മന്ത്രിമാർ കൂടിക്കാഴ്ച്ച നടത്തി

## ജർമ്മൻ പങ്കാളിത്തത്തിലൂടെ നിക്ഷേപവും മികച്ച തൊഴിലാവസരങ്ങളും സൃഷ്ടിക്കും

കേരളത്തിലേക്ക് നിക്ഷേപം ആകർഷിക്കുന്നതിനും, തൊഴിൽ-നൈപുണ്യ വികസന മേഖലകളിൽ ജർമ്മനിയുമായി പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ജർമ്മൻ പ്രതിനിധി സംഘവുമായി തൊഴിൽ വകുപ്പ് മന്ത്രി വി ശിവൻകുട്ടിയും, ധനകാര്യ വകുപ്പ് മന്ത്രി കെ എൻ ബാലഗോപാലും കൂടിക്കാഴ്ച്ച നടത്തി. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ (ഗഅടഋ) ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് നടന്ന പരിപാടിയിൽ ജർമൻ കോൺസൽ ജനറൽ എകിം ബുർകാട്ടിന്റെ നേതൃത്വത്തിൽ 27 ജർമൻ പ്രതിനിധികൾ പങ്കെടുത്തു.



മന്ത്രിമാരായ വി ശിവൻകുട്ടിയും കെ എൻ ബാലഗോപാലും ജർമൻ കോൺസൽ ജനറൽ എകിം ബുർകാട്ടിന്റെ നേതൃത്വത്തിലുള്ള ജർമൻ വ്യവസായ സംഘത്തോടൊപ്പം

കഴിഞ്ഞ ഒരു വർഷമായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ നേതൃത്വത്തിൽ വിദേശ രാജ്യങ്ങളുമായി സഹകരിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും നിക്ഷേപം ആകർഷിക്കാനുമുള്ള പ്രവർത്തനങ്ങൾ നടക്കുകയാണെന്ന് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. വ്യവസായ സൗഹൃദവും സമാധാനപരവുമായ സമൂഹവും ഉയർന്ന വൈദഗ്ധ്യമുള്ള തൊഴിലാളി സമൂഹവുമാണ് കേരളത്തിന്റെ പ്രധാന ശക്തി. സാങ്കേതികവിദ്യയിലും അച്ചടക്കത്തിലും ലോകമെങ്ങും അറിയപ്പെടുന്ന രാജ്യമാണ് ജർമ്മനി. മറുവശത്ത്, വിദ്യാസമ്പന്നരും കഴിവുറ്റവരുമായ യുവതലമുറയാണ് കേരളത്തിന്റെ മുതൽക്കൂട്ട്. നിലവിൽ ജർമ്മനി നേരിടുന്ന വിദഗ്ധ തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കാൻ കേരളത്തിന് കഴിയും. സംസ്ഥാനത്തെ ആയിരക്കണക്കിന് ഐ.ടി.ഐ., പോളിടെക്നിക് ബിരുദധാരികൾ മികച്ച പരിശീലനം നേടിയവരും തൊഴിലിന് സജ്ജരുമാണ്. ഇവർക്ക് കൃത്യമായ ജർമ്മൻ ഭാഷാ പരിശീലനവും ഓറിയന്റേഷനും നൽകിയാൽ ജർമ്മൻ തൊഴിലാളി മേഖലയ്ക്ക് വലിയ സംഭാവനകൾ നൽകാൻ സാധിക്കുമെന്ന് മന്ത്രി പറഞ്ഞു.

രാജ്യത്ത് ആദ്യമായി കേരളത്തിലെ തൊഴിൽ, നൈപുണ്യ വകുപ്പ് ഗഅടഋ വഴി ജർമ്മൻ ഭാഷാ പരിശീലനം നിലവാരമുള്ളതാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഗോയ്ഥെ ഇൻസ്റ്റിറ്റ്യൂട്ട്, ഒ.എസ്.ഡി. എന്നിവയുമായി സഹകരിച്ച് ശക്തമായ ഭാഷാ പരിശീലന സംവിധാനം ഒരുക്കുകയാണ്. ഠഋഘഇ, ഋഇഘ തുടങ്ങിയ അന്താരാഷ്ട്ര സർട്ടിഫയിംഗ് ഏജൻസികളും ഈ സംരംഭത്തിൽ പങ്കുചേരും. ഇത് ജർമ്മനിയിൽ ജോലി ചെയ്യാൻ ആഗ്രഹിക്കുന്ന എല്ലാവർക്കും ഗുണമേന്മയുള്ളതും താങ്ങാനാവുന്നതുമായ ഭാഷാ പരിശീലനം ഉറപ്പാക്കും. കേരളത്തിന്റെ വ്യാവസായിക, സാമൂഹിക ശക്തി മനസിലാക്കി നിക്ഷേപം കൊണ്ടുവരണമെന്നും, ജർമ്മനിയിൽ കേരളത്തിലെ യുവജനങ്ങൾക്കായി തൊഴിലവസരങ്ങൾ ഒരുക്കണമെന്നും ജർമ്മൻ പ്രതിനിധികളോട് മന്ത്രി ആവശ്യപ്പെട്ടു.

കേരളവും ജർമ്മനിയുമായുള്ള ബന്ധം വളരെ ശക്തമാണെന്നും പരസ്പരമുള്ള സഹകരണവും നിക്ഷേപവും കൂടുതൽ മികച്ചതാക്കണമെന്നും ധനകാര്യ വകുപ്പ് മന്ത്രി കെ എൻ ബാലഗോപാൽ പറഞ്ഞു. ജർമ്മനിക്ക് കേരളവുമായി വർഷങ്ങളായുള്ള ബന്ധമുണ്ട്. സന്ദർശനത്തിലൂടെ ബന്ധം കൂടുതൽ ദൃഢമാകണം. കേരളത്തിൽ ദീർഘകാലമായി സർക്കാർ തലത്തിൽ ജർമ്മൻ ഭാഷാ പഠന വകുപ്പ് പ്രവർത്തിക്കുന്നുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ അവസാന പകുതിയിലും ഇരുപത്തിയൊന്നാം നൂറ്റാണ്ടിലുമായി ആരോഗ്യ മേഖലയിലുൾപ്പെടെ നിരവധി മലയാളികൾ ജർമ്മനിയിൽ സ്ഥിരതാമസമാക്കുകയും അടുത്ത തലമുറ അവിടെ വളരുകയും ചെയ്യുന്നു. ജർമ്മൻ സാങ്കേതിക വിദ്യക്കും ഉപകരണങ്ങൾക്കും വലിയ സ്വീകാര്യതയും ബഹുമാനവുമാണ് കേരളത്തിലുള്ളത്. ജർമ്മൻ സ്ഥാപനങ്ങൾ കേരളത്തിൽ കൂടുതലായി നിക്ഷേപം നടത്തുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും വേണമെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാന തൊഴിൽ നൈപുണ്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി വി അനുപമ, ഇലക്ട്രോണിക്സ് ആൻഡ് ഐടി സ്പെഷ്യൽ സെക്രട്ടറി സീറാം സാംബശിവ റാവു, കെഎസ്ഐഡിസി മാനേജിങ് ഡയറക്ടർ വിഷ്ണുരാജ്, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മാനേജിങ് ഡയറക്ടർ സുഫിയാൻ അഹമ്മദ് തുടങ്ങിയവർ പങ്കെടുത്തു.

# ഇന്ത്യൻ മാതൃക പിന്തുടർന്ന് താലിബാൻ, പാകിസ്താന് കനത്ത തിരിച്ചടി

കാബൂൾ: പാകിസ്താനിലേക്കുള്ള ജലവിതരണം നിയന്ത്രിക്കാനൊരുങ്ങി താലിബാൻ ഭരണത്തിന് കീഴിലുള്ള അഫ്ഗാനിസ്ഥാൻ . കുനാർ നദിയിൽ അണക്കെട്ടുകൾ നിർമിച്ച് പാകിസ്താനിലേക്കുള്ള ജലവിതരണം നിയന്ത്രിക്കാനാണ് താലിബാന്റെ നീക്കം. അഫ്ഗാൻ ഇൻഫർമേഷൻ മന്ത്രാലയമാണ് ഇക്കാര്യം അറിയിച്ചത്. കഴിയുന്നത്ര വേഗത്തിൽ അണക്കെട്ട് നിർമ്മിക്കാൻ വേണ്ടി താലിബാൻ പരമോന്നത നേതാവ് മൗലവി ഹിബത്തുള്ള അഖുന്ദ്സാദ നിർദേശം നൽകിയതായാണ് വിവരം.

പഹൽ ഗാം ഭീകരാക്രമണത്തിനു പിന്നാലെ സിന്ധു നദീജല കരാർ ഇന്ത്യ മരവിപ്പിച്ചിരുന്നു. ഇതേ പാതയാണ് ഇപ്പോൾ അഫ്ഗാനിസ്ഥാനും സ്വീകരിച്ചിരിക്കുന്നത്. സ്വന്തം ജലം കൈകാര്യം ചെയ്യാനുള്ള അവകാശം തങ്ങൾക്കുണ്ടെന്നും വിദേശ നിർമ്മാണ സ്ഥാപനങ്ങൾക്ക് പകരം രാജ്യത്തിനകത്തുള്ളവരായിരിക്കും അണക്കെട്ട് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക എന്നും മന്ത്രി മുല്ല അബ്ദുൾ ലത്തീഫ് മൻസൂർ എക്സിൽ കുറിച്ചു.

അഫ്ഗാൻ പാക് അതിർത്തിയിൽ മാസങ്ങൾ നീണ്ട സംഘർഷങ്ങൾക്ക് പിന്നാലെയാണ് താലിബാന്റെ പുതിയ നീക്കം. അതിർത്തിയിലെ സംഘർഷത്തിൽ 20ലേറെ പാക് സൈനികർ കൊല്ലപ്പെട്ടതായാണ് താലിബാൻ അവകാശപ്പെട്ടത്. 2021ൽ അധികാരത്തിൽ എത്തിയതുമുതൽ ജലപരമാധികാരം സ്ഥാപിക്കുന്നതിന് താലിബാൻ മുൻഗണന നൽകിയിരുന്നു.

500 കിലോമീറ്ററോളം നീളമുള്ള കുനാർ നദി വടക്കു കിഴക്കൻ അഫ്ഗാനിസ്ഥാനിലെ ഹിന്ദുക്കുഷ് പർവത നിരകളിൽ നിന്നാണ് ഉത്ഭവിക്കുന്നത്. ഇത് കുനാർ, നാംഗർഹാർ പ്രവിശ്യകളിലൂടെ ഒഴുകി പാകിസ്താനിലെ ഖൈബർ പഖ്തൂൺഖ്വയിലേക്ക് പ്രവേശിക്കുകയും ജലാലാബാദ് നഗരത്തിനടുത്ത് കാബൂൾ നദിയുമായി ചേരുകയും ചെയ്യുന്നു. ചിത്രാൽ നദി എന്നാണ് പാകിസ്താനിൽ ഇത് അറിയപ്പെടുന്നത്. കാബൂൾ നദി പിന്നീട് സിന്ധു നദിയുമായി ചേരുന്നു.

പാകിസ്താനിലെ, പ്രത്യേകിച്ച് ഖൈബർ പഖ്തൂണഖ പ്രവിശ്യയിലെ ജലസേചന ആവശ്യങ്ങൾക്ക് ഈ നദി നിർണായകമാണ്. കുനാർ നദിയിലെ ജലപ്രവാഹം കുറയുന്നത് സിന്ധു നദിയിലെ ജലത്തേയും പഞ്ചാബിനേയും ബാധിച്ചേക്കുമെന്നാണ് വിവരം.

അഫ്ഗാൻ വിദേശകാര്യ മന്ത്രി മൗലവി അമീർ ഖാൻ മുത്തഖി ഇന്ത്യ സന്ദർശിച്ച് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. ഇതിന് പിന്നാലെയാണ് ഇപ്പോൾ താലിബാന്റെ പുതിയ തീരുമാനം ഉണ്ടായിരിക്കുന്നത് എന്നത് ശ്രദ്ധേയമാണ്.

# ആനയറ സെന്റ് ജൂഡ്ദേവാലയത്തിൽ വിശുദ്ധ യൂദാ തദേവൂസിന്റെ തിരുനാൾ ആഘോഷം

തിരു: 2025 ഒക്ടോബർ 26ന് തുടക്കം കുറിച്ച് 30ന് സമാപിക്കും. ജാതിമതഭേദമെന്യേ വിശുദ്ധന്റെ അനുഗ്രഹത്തിനും മാധ്യസ്ഥ പ്രാർത്ഥനക്കായും ഏവരെയും 'പ്രത്യാശയുടെ തീർത്ഥാടകരാകുവാൻ' ക്ഷണിക്കുന്നു. അനേകരുടെ ജീവിതത്തിൽ പ്രത്യാശയുടെ പൊൻകിരണം വിശുദ്ധ യൂദാ തദേവൂസിലൂടെ നേടുവാനാകുന്നു. മൂന്നുനാൾ നീണ്ടുനിൽക്കുന്ന തിരുന്നാൾ ആഘോഷ വേളയിൽ 'ദിവ്യബലി, ലിറ്റിനി, എന്നിവയുണ്ടാവും. മുന്നു ദിവസവും ദിവ്യബലിയിൽ വിവിധ തലമുറകളിലുള്ളവരെ പ്രതിനിധാനം ചെയ്തു കൊണ്ടു യഥാക്രമം സിനിയർസിറ്റിസൺ, ദമ്പതികൾ ,കുട്ടികൾ എന്നിവർ പങ്കെടുക്കുമെന്ന് പെരുന്നാൾ കമ്മറ്റി കൺവീനർ വി.ഒ ഷാജിമോൻ അറിയിച്ചു.




# പാലക്കാടൻ കുത്തക അവസാനിച്ചു; റെയ്സ് വാക്കിൽ മെഡലുകൾ വാരിക്കൂട്ടി എറണാകുളവും മലപ്പുറവും

തിരുവനന്തപുരം: റെയ്സ് വാക്ക് കൈപ്പിടിയിൽ ഒതുക്കിയിരുന്ന പാലക്കാടൻ കുത്തക സ്കൂൾ കായിക മേളയുടെ മൂന്നാം ദിനത്തിൽ പഴങ്കഥയായി. വെള്ളിയാഴ്ച നടന്ന ജൂനിയർ ബോയ്സ് അഞ്ച് കിലോമീറ്റർ റെയ്സ് വാക്കിൽ വിജയിയായത് എറണാകുളം കരിമ്പാറ സെന്റ് സ്റ്റീഫൻസ് എച്ച്എസ്എസിലെ വിദ്യാർത്ഥി അലോഷ്യസ് ബോബനാണ്. രണ്ടും, മൂന്നും സ്ഥാനം യഥാക്രമം മലപ്പുറം ജിഎംഎച്ച്എസ്എസ് കാലിക്കറ്റ് ക്യാമ്പസിലെ എസ് അൻവിൻ അശോക്, ഇടുക്കി എസ്എൻവിഎച്ച്എസ്എസ് എൻആർ സിറ്റിയിലെ ലാൽ കൃഷ്ണ ഷിബു എന്നിവർ സ്വന്തമാക്കി.ജൂനിയർ ഗേൾസ് മൂന്ന് കിലോമീറ്റർ റെയ്സ് വാക്കിൽ ആദ്യ രണ്ട് സ്ഥാനവും മലപ്പുറം ജില്ലയിലെ കെഎച്ച്എംഎച്ച്എസ് ആലത്തിയൂർ സ്വന്തമാക്കി. ഒന്നാം സ്ഥാനം പി നിരഞ്ജനയ്ക്കും രണ്ടാം സ്ഥാനം കെ ശിഖയ്ക്കുമാണ്. മൂന്നാം സ്ഥാനം ആർപിഎംഎച്ച്എസ് പനങ്ങാട്ടിരിയിലെ യു ശ്രദ്ധ കരസ്ഥമാക്കി.



# ഹൃദയമാണ് ഹൃദ്യം: യുപി സ്വദേശികളുടെ കുഞ്ഞ് പൂർണ ആരോഗ്യവാൻ

## മന്ത്രി വീണാ ജോർജുമായി സന്തോഷം പങ്കുവച്ച് മാതാപിതാക്കൾ

സംസ്ഥാന സർക്കാരിന്റെ ഹൃദ്യം പദ്ധതിയിലൂടെ രക്ഷിച്ചെടുത്ത 5 മാസം പ്രായമുള്ള രാംരാജിന്റെ മാതാപിതാക്കളുമായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് വീഡിയോ കോളിൽ സംസാരിച്ചു. കുഞ്ഞിനെ ആരോഗ്യത്തോടെ തിരിച്ച് കിട്ടിയതിലുള്ള സന്തോഷം മാതാപിതാക്കൾ പങ്കുവച്ചു. ചൈൽഡ് ഹെൽത്ത് നോഡൽ ഓഫീസർ ഡോ. രാഹുൽ കാസർഗോഡ് കോട്ടൂരിലെ വീട്ടിലെത്തി കുഞ്ഞിനെയും മാതാപിതാക്കളെയും നേരിൽ കണ്ടു. കുഞ്ഞ് പൂർണ ആരോഗ്യവാനായിരിക്കുന്നു.ഉത്തർപ്രദേശ് സ്വദേശികളായ രുചിയുടേയും ശിശുപാലിന്റേയും മകനാണ് രാംരാജ്. യുപി ധനൗറ സ്വദേശിയും പുല്ലുവെട്ടുയന്ത്രം ഓപ്പറേറ്ററുമായ ശിശുപാലും ഭാര്യയും കോട്ടൂർ ആരോഗ്യകേന്ദ്രത്തിന് സമീപം താമസമാക്കിയത്. ഹൃദയത്തിലേക്കുള്ള രക്തയോട്ടം തടസപ്പെടുന്ന 'ട്രൈകസ്പിഡ് അട്രേസിയ' എന്ന ഹൃദ്രോഗമായിരുന്നു രാംരാജിന്. തുടർന്ന് ആരോഗ്യ വകുപ്പ് വേഗത്തിൽ ഇടപെടുകയും കോഴിക്കോടുള്ള ഹൃദ്യം എംപാനൽഡ് ആശുപത്രിയിൽ സൗജന്യമായി ഹൃദയ ശസ്ത്രക്രിയ നടത്തുകയും ചെയ്തു. കേരളത്തിനും ഇവിടുത്തെ ആരോഗ്യ പ്രവർത്തകർക്കും രുചിയും ശിശുപാലും നന്ദി പറഞ്ഞു. കേരളത്തിലായത് കൊണ്ടാണ് തങ്ങളുടെ കുഞ്ഞിന് ലക്ഷങ്ങൾ ചിലവുള്ള ചികിത്സ മൾട്ടിസ്പെഷ്യാലിറ്റി ആശുപത്രിയിൽ തികച്ചും സൗജന്യമായി ലഭ്യമായതെന്നും അവർ പറഞ്ഞു.

# അതിദരിദ്ര മുക്ത കേരളം അത്ഭുതകരമായ ചുവടുവെപ്പ്; നവംബർ ഒന്നിന് നവകേരള പിറവി ദിനമായി ആചരിക്കും

തിരുവനന്തപുരം: അതിദരിദ്രർ ഇല്ലാത്ത കേരളം എന്നത് അത്ഭുതകരമായ ചുവടുവെപ്പാണെന്നും നവംബർ ഒന്നിന് നവകേരള പിറവി ദിനമായി ആചരിക്കുമെന്നും സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ.

പ്രഖ്യാപനത്തിനായി പ്രത്യേക നിയമസഭാ സമ്മേളനം ചേരും. മുഖ്യമന്ത്രി പിണറായി വിജയനാണ് പ്രഖ്യാപനം നടത്തുക. തിരുവനന്തപുരത്ത് പതിനായിരങ്ങളെ ഉൾപ്പെടുത്തി പൊതുസമ്മേളനം സംഘടിപ്പിക്കും. ഇതോടൊപ്പം കേരളത്തിലുടനീളം എല്ലാ വാർഡുകളിലും ജനകീയമായ സന്തോഷം പങ്കിടൽ നടക്കും. പ്ലക്കാഡുകൾ ഉയർത്തി പ്രകടനവും യോഗവും പായസം വിതരണവും ഒരുക്കും. നവകേരളപിറവി ദിനമായി നവംബർ ഒന്ന് ആചരിക്കും. പ്രധാന പരിപാടി നടക്കുന്ന തിരുവനന്തപുരം ജില്ലയിൽ മേൽപ്പറഞ്ഞ പരിപാടി 31 ന് സംഘടിപ്പിക്കും.

രണ്ടാം എൽഡിഎഫ് സർക്കാരിലെ ആദ്യ മന്ത്രിസഭ യോഗത്തിലാണ് അതിദരിദ്രരെ കണ്ടെത്താൻ തീരുമാനിച്ചത്. 0.7 ശതമാനമായിരുന്നു അന്ന് നീതി ആയോഗിന്റെ കണക്ക്. തദ്ദേശ സ്വയംഭരണ വകുപ്പ്, കുടുംബശ്രീ എന്നിവയെല്ലാം മുൻകൈ എടുത്ത് സർവേ പൂർത്തീകരിച്ചു. 64006 കുടുംബങ്ങളെന്ന കണക്കായിരുന്നു നമുക്ക് ഉണ്ടായിരുന്നത്. ശേഷം അവർക്ക് ആവശ്യമുള്ള സഹായങ്ങൾ വിവിധ വകുപ്പുകൾ ഒരുമിച്ച് ഉറപ്പാക്കി.

കേരളത്തെ ഭിന്നിപ്പിക്കുന്ന ആശയങ്ങളെ പ്രതിരോധിച്ചത് കമ്യൂണിസ്റ്റ് പാർടിയാണ്. തെരഞ്ഞെടുപ്പിൽ ജന്മിത്വം അവസാനിപ്പിക്കുന്നതടക്കമുള്ള കാര്യങ്ങൾ കാര്യങ്ങൾ പ്രകടന പത്രികയായി അവതരിപ്പിച്ചു. ഇഎംഎസ് സർക്കാരാണ് ജന്മി കുടിയാൻ സംവിധാനത്തെ ഇല്ലാതാക്കിയത്. എല്ലാവരിലേക്കും ആകാശത്തിന്റെ വെളിച്ചം എത്തിക്കുന്ന പദ്ധതികൾക്ക് 1957ൽ തന്നെ ഇടതുപക്ഷം തുടക്കമിട്ടു. സൗജന്യ വിദ്യാഭ്യാസം, ആരോഗ്യ രംഗം, ക്ഷേമ പ്രവർത്തനങ്ങൾ എന്നിവ കേരളത്തെ മെച്ചപ്പെടുത്തി. സമ്പൂർണ സാക്ഷരതഡിജിറ്റൽ സാക്ഷരത, സമ്പൂർണ വൈദ്യുതീകരണം, സൗജന്യ ചികിത്സ സൗകര്യങ്ങൾ ഒരുക്കൽ, ക്ഷേമ പ്രവർത്തനങ്ങൾ 62 ലക്ഷം പേരിലേക്ക് എത്തിക്കുന്ന പദ്ധതികൾക്കൊപ്പം അതിദാരിദ്ര്യം അവസാനിപ്പിക്കുന്ന ആദ്യ സംസ്ഥാനമായി കേരളം മാറുന്നു എന്നത് സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളെ പോലും അത്ഭുതപ്പെടുത്തുന്നതാണ്.

എകെജി സെന്ററിൽ എത്തിയ ചൈനീസ് പ്രതിനിധികൾ ചോദിച്ച കാര്യം ഈ നേട്ടം എങ്ങനെ നേടാനായി എന്നതാണ്.

# ബി.എസ്.സി നഴ്സിംഗ്: ഒക്ടോബർ 27 ന് നടത്താനിരുന്ന സ്പോട്ട് അലോട്ട്മെന്റ് മാറ്റി,

ബി.എസ്.സി നഴ്സിംഗ് കോഴ്സുകൾക്ക് ഒക്ടോബർ 27 ന് നടത്താനിരുന്ന സ്പോട്ട് അലോട്ട്മെന്റ് മാറ്റി. 202526 അദ്ധ്യയന വർഷത്തെ ബി.എസ്.സി നഴ്സിംഗ് കോഴ്സിന് മാത്രം പ്രവേശനത്തിനുള്ള ഓൺലൈൻ സ്പെഷ്യൽ അലോട്ട്മെന്റ് 2025 ഒക്ടോബർ 29ന് നടത്തുന്നതാണ്. ംംം.ഹയരെലി്യേ.സലൃമഹമ.ഴീ.ശി ൽ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകർ 27102025 ന് മുതൽ 28102025 വരെ ഓൺലൈനായി പുതിയ കോഴ്സ്/കോളേജ് ഓപ്ഷനുകൾ സമർപ്പിക്കേണ്ടതാണ്. മുൻപ് സമർപ്പിച്ച ഓപ്ഷനുകൾ പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് ലഭിക്കുന്നവർ ഫീസ് ഒടുക്കി അതത് കോളേജുകളിൽ 2025 ഒക്ടോബർ 30 നകം പ്രവേശനം നേടേണ്ടതാണ്. മുൻ അലോട്ട്മെന്റുകൾ വഴി പ്രവേശനം നേടിയവർക്ക് ഈ അലോട്ട്മെന്റിൽ പങ്കെടുക്കുന്നതിന് പുതിയ തീയതിയിലുള്ള ചഛഇ (നിരാക്ഷേപപത്രം) ആവശ്യമാണ്. കൂടുതൽ വിവരങ്ങൾക്ക്: 04712560361, 362, 363, 364.